കേരള സർക്കാർ

സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചാവക്കാട് നഗരസഭ

# 2015-16

# ഓഡിറ്റ് റിപ്പോർട്ട്

തൃശ്ശൂർ ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(എം)118/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ -680 020
ഫോൺ: 0487 2331249
Email: dotsr.ksad@kerala.gov.in

തീയതി: 31.01.2017

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)

ചാവക്കാട് നഗരസഭ

സർ,

വിഷയം : ചാവക്കാട് നഗരസഭ – 2015- 16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലികാ നിയമം 295(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചാവക്കാട് നഗരസഭയുടെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ

പകർപ്പ് :

1) സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

3)റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊച്ചി (ഉപരിപത്രം സഹിതം)

4)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.ടി.എസ്.ആർ.(എം)118/2017 തിയ്യതി:31.01.2017

## തൃശ്ശൂർ ജില്ലയിലെ ചാവക്കാട് നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ നഗരപാലികാ നിയമം- വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ചാവക്കാട് നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 11.09.2015 മുതൽ 31.03.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് 2015-16 വർഷം വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ സുരേഷ് ബാബു.വി.<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 06.01.2017മുതൽ 13.01.2017 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | പി.എ. ശിവൻ. | ഓഡിറ്റ് ഓഫീസർ |
| | എം. എൽ.അഗസ്റ്റിൻ | ഓഡിറ്റ് ഓഫീസർ |
| | പ്രശാന്ത്. പി.ജി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | സ്റ്റാൻലി . പി.എസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |

| | | |
|---|---|---|
| | സുനിൽകുമാർ. കെ.സി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ഫെമിന.എ.എ. | ഓഡിറ്റർ |
| | ബിന്ദു. സി.വി | ഓഡിറ്റർ |

നിർവ്വഹണ അധികാരികൾ

ചെയർമാൻ

| | |
|---|---|
| ശ്രീമതി. സതീരത്നം | 1.04.15 മുതൽ 31.10.15 വരെ |
| ഭരണനിർവ്വഹണ കമ്മിറ്റി | 1.11.15 മുതൽ 17.11.15വരെ |
| ശ്രീ.എൻ.കെ.അക്ബർ | 18.11.15മുതൽ 31.03.16വരെ |

<u>സെക്രട്ടറി</u>

| | |
|---|---|
| ശ്രീ.കെ.ജി.രവീന്ദ്രൻ | 1.04.15 മുതൽ 1.03.16 വരെ |
| ശ്രീ.പ്രഭാകരൻ.എം | 2.03.16മുതൽ 31.03.16വരെ |

<u>മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| അസി. എക്സി. എഞ്ചിനീയർ, ചാവക്കാട് | ശ്രീ.ബി.വിജയകുമാർ | 1.04.15 മുതൽ 31.03.16വരെ |
| സീനിയർ വെറ്ററിനറി സർജൻ | ഡോ.പി.പി. ചന്ദ്രശേഖരൻ | 1.04.15 മുതൽ 31.03.16വരെ |
| അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ | ശ്രീ.ഇ.രാധാകൃഷ്ണൻ | 1.04.15 മുതൽ 31.03.16വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. സുബിത.എം.എ | 1.04.15 മുതൽ 31.03.16വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.സി.പ്രഭാകരൻ | 1.04.15 മുതൽ 31.03.16വരെ |

| | | |
|---|---|---|
| ഹെഡ്മിസ്ട്രസ് ജി.എച്ച്.എസ് മണത്തല | ശ്രീമതി. സതി.ഒ.കെ | 1.04.15 മുതൽ 31.03.16വരെ |
| സൂപ്രണ്ട് താലൂക്ക് ഓഫീസ് ചാവക്കാട് | ശ്രീമതി.മിനിമോൾ.എ.എ | 1.04.15 മുതൽ 31.03.16വരെ |
| എസ്.ഇ.ഡി.ഒ | ശ്രീമതി.സിനി.ടി.ഡി. | 1.04.15 മുതൽ 31.03.16വരെ |
| ഹെൽത്ത് ഇൻസ്പെക്ടർ, ചാവക്കാട് നഗരസഭ | ശ്രീ.സി.പി.ബഷീർ | 1.04.15 മുതൽ 31.03.16വരെ |
| പ്രിൻസിപ്പാൾ, ജി.എച്ച്.എസ്.എസ് മണത്തല | ശ്രീമതി. മറിയക്കുട്ടി. പി.പി. | 1.04.15 മുതൽ 31.03.16വരെ |
| പ്രേജക്ട് ഓഫീസർ നഗരദാരിദ്ര്യനിർമ്മാർജ്ജനസെൽ | ശ്രീമതി. ബിന്ദു. പി.ബി | 1.04.15 മുതൽ 31.03.16വരെ |

ഉള്ളടക്കം


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം 1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |

| | | |
|---|---|---|
| 12 | ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് മാനുവൽ രശീതി ബുക്ക് ഉപയോഗിച്ച് പിരിച്ചെടുത്ത തുകകൾ നഗരസഭയുടെ തനത് ഫണ്ടിൽ അടവാക്കി | 2-1 |
| 13 | തൊഴിൽ നികുതി -അപാകതകൾ | 2-2 |
| 14 | സർക്കാർ വക കെട്ടിടങ്ങളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നില്ല. | 2-3 |
| 15 | മൊബൈൽ ടവറുകളുടെ വസ്തുനികുതി - കുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ്. | 2-4 |
| 16 | വസ്തു നികുതി നിർണ്ണയം - അപാകതകൾ | 2-5 |
| 17 | അനധികൃത കെട്ടിടങ്ങളുടെ നിർമാണം-നടപടി പൂർത്തിയാക്കിയിട്ടില്ല | 2-6 |
| 18 | താത്ക്കാലിക നമ്പർ നല്കിയ കെട്ടിടങ്ങൾ - തുടർനടപടികളില്ല. | 2-7 |
| 19 | വാടക – ന്യൂനതകൾ | 2-8 |
| 20 | നഗരസഭയുടെ ഷോപ്പിംഗ് കോംപ്ലക്സിൽ വാടക അടവാക്കുന്ന മുറികൾ ഒഴിഞ്ഞ് കിടക്കുന്നു | 2-9 |
| 21 | വാടകക്ക് കൊടുത്തിട്ടുള്ള മുറികളുടെ കൈവശക്കാരന്റെ പേരിലല്ല ഡി & ഒ ലൈസൻസ് അനുവദിച്ചത് | 2-10 |
| | വാടകകുടിശ്ശിക എഴുതിത്തള്ളൽ - ഫയൽ ഹാജരാക്കിയില്ല. | 2-11 |
| 22 | മണത്തല ചന്ദനക്കുടം നേർച്ച 2016 ജനവരി-താൽക്കാലിക കച്ചവട സ്റ്റാളുകൾക്ക് ഡി&ഒ ലൈസൻസ് അനുവദിച്ചതിലെ അപാകതകൾ | 2-12 |
| | ഭാഗം 3 | |
| 23 | സംയോജിത ചേരിവികസന ഭവനനിർമ്മാണ പദ്ധതി വൻതുക മുതനിക്ഷേപമായി ബാങ്കിൽ . | 3-1 |
| 24 | പ്രൊജക്ട് ഓഫീസർ, നഗരദാരിദ്ര്യനിർമ്മാർജ്ജനസെൽ നിർവ്വഹണം നടത്തിയ പദ്ധതികൾ - അപാകതകൾ | 3-2 |
| 25 | ഗ്യാസ് ക്രിമിറ്റോറിയത്തിൽ സ്റ്റെയിൻലെസ്സ് സ്റ്റീൽ ചിമ്മിനി | 3-3 |

| | | |
|---|---|---|
| | സ്ഥാപിക്കൽ-ടെണ്ടറിൻമേൽ തുടർനടപടികളില്ല. | |
| 26 | നെയിം ബോഡ് സ്ഥാപിച്ചില്ല- നഷ്ടം-1425 രൂപ | 3-4 |
| 27 | റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്ക് തെറ്റായ സ്പെസിഫിക്കേഷൻ ഉപയോഗിക്കുന്നത് | 3-5 |
| 28 | ടാറിംഗ്, റീടാറിംഗ് പ്രവൃത്തികൾ - എസ്റ്റിമേറ്റിൽ സുതാര്യത ഇല്ല | 3-6 |
| 29 | പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ കുറവുചെയ്യാതെ ബിൽ തയ്യാറാക്കി നൽകുന്നത് തുടരുന്നു. | 3-7 |
| 30 | തെരുവു വിളക്കുകളുടെ സംയുക്ത പരിശോധന നടത്തേണ്ടതാണ്. | 3-8 |
| 31 | ഗാർഹിക ശൗചാലയ നിർമ്മാണം : പദ്ധതി ലക്ഷ്യപ്രാപ്തി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. | 3-9 |
| 32 | ആശ്രയ പദ്ധതി അവലോകനം | 3-10 |
| 33 | ഉദ്ഘാടന ചെലവുകൾക്കായി കൂടുതൽ തുക ചെലവഴിച്ചിരിക്കുന്നു. | 3-11 |
| 34 | ആധാർ കാർഡ് ഇല്ലാത്തതിനാൽ കിടപ്പുരോഗികൾക്ക് ക്ഷേമപെൻഷൻ തടസ്സപ്പെട്ടു. | 3-12 |
| 35 | പദ്ധതിപ്രകാരം ലഭിച്ച തുകകളിൽ ചെലവഴിക്കാത്തതുണ്ടെങ്കിൽ എത്രയും വേഗം ട്രഷറിയിൽ തിരിച്ചടക്കേണ്ടതാണ്. | 3-13 |
| 36 | പദ്ധതിചെലവ് നിരീക്ഷിക്കൽ- പദ്ധതി പണം പൂർണ്ണമായും ചെലവഴിച്ചില്ല. | 3-14 |
| | ഭാഗം 4 | |
| 37 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 38 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 39 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 40 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |

| | | |
|---|---|---|
| 41 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 42 | ഓഡിറ്റ് റിക്കവറി | 4-6 |
| 43 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 44 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-8 |
| | അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | |



# ഭാഗം 1

## പൊതു അവലോകനം

## 1-1. ബജറ്റ്

2015- 16 വർഷത്തെ ബജറ്റ് 23.03.2015 തിയതിയിലെ കൗൺസിൽ തീരുമാനപ്രകാരം അംഗീകരിച്ചു. 02.03.2016ലെ 1ാം നം കൗൺസിൽ തീരുമാനപ്രകാരം ബജറ്റ് പുതുക്കിയിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് 152657134/- രൂപയും ചെലവ് 163191149/- രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2016 | 27.08.2016 |

ഡി & ഒ ലൈസൻസ് ഫീസിന്റെ ഡിമാന്റ് വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്താതെയുണ്ടായ പ്രശ്നങ്ങൾ മൂലം വാർഷിക ധനകാര്യപത്രിക സമർപ്പിക്കാൻ കാലതാമസം ഉണ്ടായിട്ടുണ്ട്.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

*2015-16* വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) വസ്തുനികുതി, തൊഴിൽനികുതി(ജീവനക്കാർ) എന്നിവയുടെ ഡി.സി.ബി തയ്യാറാക്കിയിട്ടില്ല.

2) തൊഴിൽ നികുതി (ട്രേഡേഴ്സ്) ഡി.സി.ബി യും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല.

3) വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം എന്ന ശീർഷകത്തിൽ ബിൽ പ്രകാരം പിൻവലിച്ച തുകയാണ് ചെലവായി രേഖപ്പെടുത്തിയിട്ടുള്ളത്. 11,10,000 രൂപയാണ് യഥാർത്ഥചെലവുതുക.

4) സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

5) നാളിതുവരെയുള്ള ആസ്തി ബാദ്ധ്യതകൾ തിട്ടപ്പെടുത്തി വാർഷികകണക്കിൽ

ഉൾപ്പെടുത്തിയിട്ടില്ല.

6) ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 12 പ്രകാരം 2294875 രൂപ നീക്കിയിപ്പുണ്ട്. ഇതു സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 106295748 |
| വരവ് | 126833404 |
| ആകെ | 233129152 |
| ചെലവ് | 140914581 |
| നീക്കിയിരിപ്പ് | 92214571 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കി ബാക്കി(RP 40 b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 9904024 | 24715161 | 34619185 | 34619185 | 17666177 | 0 |
| വികസന ഫണ്ട്(എസ്.സി.പി) | 3869434 | 7694050 | 11563484 | 11489152 | 74332 | 0 |
| വികസനഫണ്ട്(ടി.എസ്.പി) | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 2779151 | 12755698 | 15534849 | 15534849 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 1882928 | 6382711 | 8265639 | 8265639 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 5300929 | 21964996 | 27265925 | 15045788 | 12220137 | 0 |
| ലോക ബാങ്ക് സഹായം | 6132891 | 4860577 | 10993468 | 5621760 | 5371708 | 0 |

## 1-6പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 199 | 116132008 | 163 | 83392273 | 17 | 19 | 76 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1.അൻപത്ത് റോഡ് മെറ്റലിംഗ് ടാറിംഗ്
2.ചാവക്കാട് നഗരസഭ ഗ്യാസ് ക്രിമിറ്റോറിയത്തിന് ചിമ്മിനി നിർമ്മാണം.

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 8.19ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 18339731 | 17893652 | (-)446079 | - 2.43 |
| നികുതിയേതരവരവുകൾ | 4897990 | 8068279 | (+)3170289 | 64.73 |
| മറ്റുവരവുകൾ | 4161008 | 3681870 | 479138 | - 11.51 |
| ആകെ | 27398729 | 29643801 | (+)2245072 | 8.19 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക |
|---|---|
| തൊഴിൽരഹിത വേതനം | 82920 |
| കർഷകതൊഴിലാളി പെൻഷൻ | 365550 |
| വിധവാപെൻഷൻ | 13205600 |
| വാർദ്ധക്യകാലപെൻഷൻ | 13007370 |
| വികലാംഗപെൻഷൻ | 2117400 |
| അവിവാഹിത പെൻഷൻ | 985120 |
| വിവാഹ ധനസഹായം | 1110000 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.01.2017 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ രൂപ 29450 ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു

## 1-10 ആഭ്യന്തരനിയന്ത്രണം.

1. ഓഫീസ് ഓർഡർ പ്രകാരം എല്ലാ ജീവനക്കാർക്കും അവരവരുടെ ജോലി വിഭജിച്ച് നൽകിയിട്ടില്ല. ഓഫീസ് ഓർഡർ രജിസ്റ്റർ സൂക്ഷിക്കേണ്ടതും ചുമതലകൾ വിഭജിച്ച്

നല്കേണ്ടതുമാണ്.

2. രജിസ്റ്ററുകളുടെ സൂക്ഷിപ്പിൽ കണ്ടെത്തിയ ചില അപാകതകൾ ചുവടെ ചേർക്കുന്നു.

ഇൻക്യുമ്പൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. മുനിസിപ്പാലിറ്റിയിലേയും, കൈമാറിക്കിട്ടിയ ജീവനക്കാരുടെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെയും പേരുകൾ , മേൽവിലാസം, കാലയളവ് തുടങ്ങിയ വിശദാംശങ്ങൾ രേഖപ്പെടുത്തി ഇൻക്യുമ്പൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

കമ്പ്യൂട്ടറുകളുടെ സ്റ്റോക്ക് രജിസ്റ്റർ : കമ്പ്യൂട്ടറുകളുടേയും അനുബന്ധ ഉപകരണങ്ങളുടേയും സ്റ്റോക്ക് രജിസ്റ്റർ, 86/2010/fin തി. 24.09.2010 നം സർക്കുലറിൽ പറയുന്ന വിധത്തിൽ സൂക്ഷിച്ചിട്ടില്ല.

3.വർക്കിംഗ് ഗ്രൂപ്പ്

പദ്ധതി രൂപീകരണം, മോണിട്ടറിംഗ് എന്നിവയിൽ നിർണ്ണായകമായ പങ്കാളിത്തം വഹിക്കുന്ന സമിതികളാണ് വർക്കിംഗ് ഗ്രൂപ്പുകൾ. നഗരസഭയിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല. സ്റ്റേക്ക് ഹോൾഡർമാരുമായി ചേർന്ന് ഓരോ വിഷയമേഖലയും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും ചർച്ച ചെയ്ത് ആയതിന് അനുസൃതമായി പദ്ധതികൾ ആവിഷ്കരിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകൾക്ക് കഴിഞ്ഞിട്ടില്ല. ഓരോ വർക്കിംഗ് ഗ്രൂപ്പുകളും പ്രത്യേകം യോഗം ചേരുന്നതായി രജിസ്റ്ററുകളിൽ രേഖപ്പെടുത്തൽ ഉണ്ടെങ്കിലും നിർദ്ദേശങ്ങളും തീരുമാനങ്ങളും എഴുതിചേർക്കുന്നില്ല. പ്രോജക്ട് മോണിട്ടറിംഗ് അതത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകിയിട്ടില്ല.

4.വാർഡ്സഭ

നഗരസഭയിലെ ഓരോ വാർഡിലും 07/15, 2/16 (രണ്ടു തവണ) എന്നീ മാസങ്ങളിലായി 3 വാർഡ്സഭകൾ വീതമാണ് 2015-16 ൽ ചേർന്നിട്ടുള്ളത്. 2015-16 വർഷത്തെ പദ്ധതി രൂപീകരണം സംബന്ധിച്ച വാർഡ്സഭായോഗങ്ങൾ 05/02/2015 ൽ നടത്തിയിട്ടുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറൽ | 15/03/2016മുതൽ 28/3/2016 വരെ, 2/4/2016 മുതൽ 13/4/2016 വരെ | 2011-2012 മുതൽ 2014-2015വരെ | 11/5/2016 |

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് മാനുവൽ രശീതി ബുക്ക് ഉപയോഗിച്ച് പിരിച്ചെടുത്ത തുകകൾ നഗരസഭയുടെ തനത് ഫണ്ടിൽ അടവാക്കി

ശ്രീമതി ഷരിതയ്ക്ക് അനുവദിച്ച മാനുവൽ രശീതി ബുക്ക് ഉപയോഗിച്ച് പിരിച്ചെടുത്ത താഴെ പറയുന്ന തുകകൾ കളക്ഷൻ രജിസ്റ്ററിൽ ചേർക്കുകയോ തനത് ഫണ്ടിൽ അടവാക്കുകയോ ചെയ്തിട്ടുണ്ടായിരുന്നില്ല.

| രശീതി ബുക്ക് നം | രശീതി നം | തിയ്യതി | ഇനം | തുക |
|---|---|---|---|---|
| 159 | 15881 | 5.2.16 | തൊഴിൽ നികുതി | 600/- |
| 175 | 17497 | 27.2.16 | വസ്തു നികുതി | 980/- |

ഓഡിറ്റ് നിർദ്ദേശത്തെ( എൻക്വയറി 5/10.01.17) തുടർന്ന് മേൽ പറഞ്ഞ തുകകൾ ഉത്തരവാദിയിൽ നിന്നും ഈടാക്കി നഗരസഭയുടെ തനത് ഫണ്ടിൽ അടവാക്കി.

(980/- രശീതി നമ്പർ-11601110935/13.01.17,

600/-രശീതി നമ്പർ-11601110936/13.01.17)

## 2-2 തൊഴിൽ നികുതി -അപാകതകൾ

1)ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി യഥാസമയം ഈടാക്കാത്തതിനാൽ നഗരസഭയുടെ തനത് വരുമാനത്തിൽ നഷ്ടം സംഭവിക്കുന്നു.

ചാവക്കാട് നഗരസഭയുടെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയ പല സ്ഥാപനങ്ങളിലെയും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | അർദ്ധവർഷം |
|---|---|
| കൊഡാക് മഹീന്ദ്ര | I & II |
| ഖാദി ഗ്രാമോദ്യോഗ് ഭവൻ | II |
| പോൾ മർച്ചന്റ്സ് പ്രൈവറ്റ് ലിമിറ്റഡ് | II |
| പ്രവാസി ഗോൾഡ് ലോൺസ് | I & II |

| | |
|---|---|
| ജി-ടെക് കമ്പ്യൂട്ടർ എഡ്യുക്കേഷൻ | I & II |
| സപ്ലൈകോ സൂപ്പർ മാർക്കറ്റ് | I |
| മുഗൾ ജ്വല്ലറി | II |
| വില്ലേജ് ഓഫീസ്,മണത്തല | II |
| ഉസ്മാൻ,ബീഡി ലീഡർ, മണത്തല | I & II |
| ശ്രീനാരായണ വിദ്യാനികേതൻ സ്കൂൾ | I & II |
| ശ്രീചിത്ര ആയുർ ഹോം മണത്തല | I & II |
| അലിക്കുട്ടി ബീഡി വ്യാപാരം,തിരുവത്ര | I & II |
| ഹാന്റ്ടെക്സ് ഹൗസ് | II |
| അപ്പോത്തിക്കിരി &കമ്പനി | I & II |
| മോർ സൂപ്പർമാർക്കറ്റ് | II |
| ഐ.കെ.എം മുൻസിപ്പൽ ഓഫീസ് | I & II |
| ഹോം അപ്ലയൻസ് | I & II |
| ഏഷ്യൻ ഹൈപ്പർ മാർക്കറ്റ് | II |
| ചാവക്കാട് വ്യാപ്യാര ഭവൻ | I & II |
| റഹ്മാനിയ ഹോട്ടൽ | I & II |

2)തൊഴിൽ നികുതി(ട്രഡേഴ്സ്)യുടെ രജിസ്റ്റർ പ്രകാരമുള്ള ഡി സി ബിയും വാർഷിക ധനകാര്യ പത്രികയും പൊരുത്തപ്പെടുന്നില്ല

| ഇനം | തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം | വാർഷിക ധനകാര്യ പത്രിക പ്രകാരം |
|---|---|---|
| ഡിമാന്റ് | 1657580 | 1602215 |
| കളക്ഷൻ | 1375680 | 1333635 |
| ബാലൻസ് | 281900 | 268580 |

3)വാർഷിക ധനകാര്യ പത്രികയിൽ തൊഴിൽ നികുതി(ജീവനക്കാർ)യുടെ ഡിമാന്റ്, കളക്ഷൻ

എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു.

ഡിമാന്റ്-3588610, കളക്ഷൻ-3485860

തൊഴിൽ നികുതി രജിസ്റ്ററിൽ ആകെ കളക്ഷൻ രേഖപ്പെടുത്തിയിട്ടുമില്ല.

മേൽ വിഷയവുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 4/10.01.17 നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതും തൊഴിൽ നികുതി കുടിശ്ശിക (മുൻവർഷം, തൻവർഷം) പിരിച്ചെടുക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-3 സർക്കാർ വക കെട്ടിടങ്ങളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നില്ല.

നഗരസഭാ പരിധിയിലുള്ള സർക്കാർ കെട്ടിടങ്ങളിൽ നിന്നും വസ്തുനികുതി ഈടാക്കാത്തത് മൂലം നഗരസഭയ്ക്ക് വരവ് നഷ്ടം സംഭവിക്കുന്നു.

മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന സർക്കാർ കാര്യാലയങ്ങളുടെ വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല. 2003-04 വർഷം മുതൽക്കാണ് കെട്ടിടത്തിൽ വിവിധ കാര്യാലയങ്ങൾ പ്രവർത്തനം തുടങ്ങിയിട്ടുള്ളത്. കെട്ടിടത്തിൽ പ്രവർത്തിക്കുന്ന റവന്യൂ വകുപ്പിന്റേയും മറ്റു വകുപ്പുകളുടെയും കെട്ടിടങ്ങളുടെ വസ്തുനികുതി ഓഡിറ്റ് സമയത്തും അടവാക്കി തുടങ്ങിയിട്ടില്ല. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നല്കിയതിന് ടി കെട്ടിടത്തിന് നാളിതു വരെ നമ്പർ നല്കിയിട്ടില്ല എന്നാണ് മറുപടി നല്കിയിട്ടുള്ളത്.(ഓഡിറ്റ്എൻക്വയറി നം - 17/12.01.2017) കെട്ടിട നമ്പർ നല്കി വസ്തു നികുതി ഈടാക്കിയതിന്റെ വിവരം അറിയിക്കേണ്ടതാണ്.

2015-16 വർഷം വിനോദ സഞ്ചാര വകുപ്പിന്റെ കീഴിലുള്ള 9/32E, 9/32F, 9/32Gഎന്നീ കെട്ടിടങ്ങൾക്ക് നമ്പർ നല്കിയിട്ടുണ്ടെങ്കിലും വസ്തുനികുതി നിർണ്ണയിച്ച് ഡിമാന്റ് നോട്ടീസ് നല്കിയിട്ടില്ല. വിനോദ സഞ്ചാര വകുപ്പിന്റെ കീഴിലുള്ള മേൽ കെട്ടിടങ്ങൾ ഇപ്പോൾ നഗരസഭയുടെ ഉടമസ്ഥതയിലാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ഇതു സംബന്ധിച്ച ആധികാരിക രേഖകൾ ഹാജരാക്കുകയോ, വസ്തുനികുതി രജിസ്റ്ററിൽ മാറ്റം വരുത്തുകയോ ചെയ്തിട്ടില്ല. അപാകത സംബന്ധിച്ച് വ്യക്തമായ മറുപടി നല്കേണ്ടതാണ്.

## 2-4മൊബൈൽ ടവറുകളുടെ വസ്തുനികുതി - കുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ്.

നഗരസഭാ പരിധിയിലുള്ള എല്ലാ മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല. ജി.ഒ.(ആർ.റ്റി) നം.19/2011 തസ്വഭവ തീയതി 14.01.2011 പ്രകാരം മൊബൈൽടവറുകൾക്ക് നഗരസഭ നിശ്ചയിച്ചിരിക്കുന്ന വസ്തുനികുതി ച.മീറ്ററിന് 500 രൂപയാണ്. എന്നാൽ നാളിതുവരെ ഇതനുസരിച്ച് പുതുക്കിയ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല. നിലവിൽ പ്രവർത്തിച്ചുവരുന്ന ടവറുകളുടെയും അവയ്ക്ക് വാർഷിക വാടകമൂല്യത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിച്ചിരിക്കുന്ന വസ്തു നികുതിയുടെയും വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നം/ കെട്ടിട നം | ടവറിന്റെ വിവരം | വാർഷിക വാടകമൂല്യത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിച്ചിട്ടുള്ള നികുതി | കുടിശ്ശികയുടെ വിവരം | 22/08/2015 ന് ഡിമാന്റ് നോട്ടീസ് നല്കിയതു പ്രകാരം അടവാക്കിയതിന്റെ വിവരം |
|---|---|---|---|---|---|
| 1 | VII/407A | 13.2M2, ഐഡിയ മൊബൈൽ | 15000 | 2000-2001 മുതൽക്ക് | 2011-12 മുതൽക്ക് |
| 2 | VII/78Z4 | 18.74M2, ഇൻഡസ് ടവേഴ്സ് | 13000 | 2010-11 2nd half മുതൽക്ക് | 2011-12 2nd half മുതൽക്ക് |
| 3 | VII/ 271A | 4.5 റ്റാറ്റാ ടെലി സർവ്വീസ് ലിമിറ്റഡ് | 2000 | 2005-06 മുതൽക്ക് | നാളിതു വരെ അടവാക്കിയിട്ടില്ല |
| 4 | XIV/2A | 15M2, ഭാരതി എയർടെൽ | 12000 | 2009-10 മുതൽക്ക് | 2011-12 മുതൽക്ക് |
| 5 | 1X/ 339A | 13.14M2, വയർലസ്സ് .റ്റി.റ്റി ഇൻഫോ സർവ്വീസ് ലിമിറ്റഡ് | 12000 | 2009-10 2nd half മുതൽക്ക് | നാളിതു വരെ അടവാക്കിയിട്ടില്ല |
| 6 | X111/259B | 26.50M2, ബി.എസ്.എൻ.എൽ | 12000 | 2008-09 2nd half മുതൽക്ക് | നാളിതു വരെ അടവാക്കിയിട്ടില്ല |
| 7 | X11/24Z7 | 27M2, ഭാരതി ഇൻഫ്രാടെൽ | 2700 | 2008-09 മുതൽക്ക് | നാളിതു വരെ അടവാക്കിയിട്ടില്ല |

സർക്കാർ ഉത്തരവ് (ആർ.ടി) നം. 707/2014 / തസ്വഭവ പ്രകാരം 01.04.2011 ന മുൻപുള്ള വസ്തു നികുതി (വാർഷിക വാടകയുടെ അടിസ്ഥാനത്തിൽ കണക്കാക്കിയതു പ്രകാരമുള്ളത്) ഈടാക്കേണ്ടതാണെന്ന് ഉത്തരവായിട്ടുണ്ട്. മേൽ പട്ടിക പ്രകാരം 5 എണ്ണത്തിന്റെ വസ്തു നികുതി ഈടാക്കിയിട്ടുണ്ടെങ്കിലും കുടിശ്ശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നതായി കാണുന്നു. പിരിച്ചെടുക്കാനുള്ള നികുതി യഥാസമയം പിരിച്ചെടുക്കാതിരുന്നതുമൂലമുണ്ടാകുന്ന എല്ലാ നഷ്ടങ്ങൾക്കും സെക്രട്ടറി ഉത്തരവാദിയായിരിക്കും.

പുതുക്കിയ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ച് ബന്ധപ്പെട്ട മൊബൈൽ കമ്പനികളിൽ നിന്നും കുടിശ്ശിക പിഴ പലിശ സഹിതം ഈടാക്കുന്നതിന് നഗരസഭാധികൃതർ കർശനമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ടി വിഷയം തുടർ നടപടികൾ സ്വീകരിക്കുന്നതിലേക്കായി ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-5 വസ്തു നികുതി നിർണ്ണയം - അപാകതകൾ

2015-16 വർഷം നികുതി നിർണ്ണയം നടത്തിയതിൽ താഴെ പറയുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിൽ അപാകതകൾ ഉള്ളതായി കണ്ടു.

1. കെട്ടിട നം. 22/ 713 , പെർമിറ്റ് നം - 366/12-13, 02-03-2013

ഫയലിൽ 1231.93 M2 വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം കൊമേഴ്സ്യൻ സോണിൽ ഉൾപ്പെട്ടസ്ഥലത്താണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് ബന്ധപ്പെട്ട സെക്ഷൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നഗരാസൂത്രണ വ്യവസ്ഥകൾ പ്രകാരം കൊമേഴ്സ്യൻ സോണിൽ ഉൾപ്പെട്ടസ്ഥലത്ത് കെട്ടിട നിർമ്മാണം നടത്തുമ്പോൾ 150 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണ്ണം ലോഡ്ജിങ്ങിനായി അനുവദിക്കാൻ പാടില്ല. എന്നാൽ രജിസ്റ്റർ പ്രകാരം 213.33 M2 ഏരിയ, ലോഡ്ജിങ്ങിനായി നികുതി നിർണ്ണയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നല്കിയതിന് റിവൈസ്ഡ് പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ ലോഡ്ജിങ്ങ് ഏരിയ 121.74 M2 ആയി കുറച്ചിട്ടുണ്ട് എന്നാണ്. എന്നാൽ വസ്തുനികുതി നിർണ്ണയ രജിസ്റ്ററിൽ 213.33M2 ആണ് വിസ്തീർണ്ണം കാണിച്ചിട്ടുള്ളത്. താമസാവശ്യത്തിനും വാണിജ്യാവശ്യത്തിനും വസ്തുനികുതി നിരക്കുകൾ വ്യത്യസ്ഥമായതിനാൽ യഥാർത്ഥ വിസ്തീർണ്ണത്തിനു തന്നെയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത് എന്ന് ഉറപ്പു വരുത്തേണ്ടതാണ്. നഗരാസൂത്രണ വ്യവസ്ഥകൾക്ക് വിരുദ്ധമാണെങ്കിൽ ആയത് കണ്ടെത്തി തുടർനടപടികൾ ഉണ്ടാവേണ്ടതാണ്.

2. വസ്തു നികുതി കുറവായി നിർണ്ണയം നടത്തി

കൗൺസിൽ അംഗീകരിച്ച നിരക്ക് പ്രകാരം 100 M2 നു മേൽ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് , ചതുരശ്ര മീറ്ററിന് 70 രൂപയാണ് ഈടാക്കേണ്ടത്.എന്നാൽ താഴെ പറയുന്ന കെട്ടിടത്തിന് 40 രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്.

| | |
|---|---|
| കെട്ടിട നം | 111/ 23 B, C |
| തറ വിസ്തീർണ്ണം | 138M2 |
| കണക്കാക്കി ഈടാക്കിയ നികുതി | 138x40 = 5520 + 20% വർദ്ധന – 1104 ആകെ 6624 , LC 331 |
| യഥാർത്ഥ വസ്തുനികുതി | 138x70 = 9660 + 20% വർദ്ധന – 1932 ആകെ 11592 , LC 580 |
| കുറവ് | 4968 , LC 249 |

കുറവ് തുക ഈടാക്കേണ്ടതും രജിസ്റ്ററിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതുമാണ്.

## 2-6 അനധികൃത കെട്ടിടങ്ങളുടെ നിർമ്മാണം-നടപടി പൂർത്തിയാക്കിയിട്ടില്ല

അനധികൃത കെട്ടിടങ്ങളുടെ രജിസ്റ്ററിലെ രേഖപ്പെടുത്തൽപ്രകാരം 1034.16 M2 വിസ്തീർണമുള്ള കോളേജ് ഉൾപ്പെടെ നിരവധി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ഈ കെട്ടിടങ്ങളുടെ നടപടികൾ പൂർത്തിയായിട്ടില്ല. കെട്ടിടങ്ങൾ ക്രമവത്കരിക്കുകയോ , അല്ലാത്ത പക്ഷം തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 2-7 താത്ക്കാലിക നമ്പർ നല്കിയ കെട്ടിടങ്ങൾ - തുടർനടപടികളില്ല.

ആറുമാസത്തെ ഉപയോഗത്തിനുവേണ്ടി താത്ക്കാലിക നമ്പർ നല്കുന്ന കെട്ടിടങ്ങൾ അവ അനുവദിച്ച കാലയളവിനു ശേഷം പൊളിച്ചുമാറ്റുന്നുണ്ടോ എന്നത് പരിശോധിക്കുന്നില്ല. ഇതു നിരീക്ഷിക്കുന്നതിനായി സംവിധാനങ്ങളില്ല. 2015-16 വർഷം നിരവധി കെട്ടിടങ്ങൾക്ക് ഇത്തരത്തിൽ താത്ക്കാലിക നമ്പർ അനുവദിച്ചിട്ടുണ്ട്. വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ തന്നെയാണ് ഈ താത്ക്കാലിക കെട്ടിടങ്ങളുടേയും വിശദാംശങ്ങൾ എഴുതിച്ചേർത്തിട്ടുള്ളത്. ഇതിനായി പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതും തുടർനടപടികൾ എഴുതിച്ചേർക്കേണ്ടതുമാണ്.

## 2-8 വാടക – ന്യൂനതകൾ

1നഗരസഭ വക കെട്ടിടങ്ങളുടെ വാടക പിരിക്കുന്നതിന് അംഗീകൃത ബൈലോ ഇല്ല.

ജി.ഒ (എം.എസ്)105/97/തസ്വഭവ വിജ്ഞാപന പ്രകാരം ഷോപ്പിംഗ് സെന്റർ ഉള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ബൈലോ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങണമെന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും സർക്കാർ ഉത്തരവ് നാളിതുവരെ നടപ്പിലാക്കിയിട്ടില്ല. നഗരസഭാ കൗൺസിൽ നിശ്ചയിക്കുന്ന നിരക്കിൽ വാർഷിക വർദ്ധനവ് വരുത്തുകയാണ് ചെയ്യുന്നത്.

2.വാടക രജിസ്റ്ററിൽ നിന്നും, നഗരസഭയുടെ കീഴിലുള്ള ഷോപ്പിങ്ങ് കോപ്ലക്സ് കെട്ടിടങ്ങളിൽ ഓരോ കെട്ടിടത്തിലും ആകെ എത്ര മുറികൾ ഉണ്ടെന്നും അവയിൽ വാടകക്ക് നല്കാത്ത കടമുറികൾ ഏതെല്ലാം എന്നതും അറിയുവാൻ സാധിക്കുന്നില്ല. വാടക അടവാക്കിയ കെട്ടിടങ്ങളുടെ വിവരങ്ങൾ മാത്രമാണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്.

3. കടമുറിവാടക -പൂർണ്ണമായി ഈടാക്കിയിട്ടില്ല

നഗരസഭയുടെ ഉടമസ്ഥതയിലുള്ള വിവിധ കടമുറികളുടെ വാടകയിനത്തിൽ 2014-15 ൽ 245243 രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു.വാടകകുടിശ്ശിക ഈടാക്കാതെ പ്രസ്തുത വ്യാപാരസ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയ നടപടി ക്രമപ്രകാരമല്ല. വാടകക്കുടിശ്ശിക പലിശ സഹിതം ഈടാക്കി ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

4. പാട്ടക്കരാറുകൾ രജിസ്റ്റർ ചെയ്യാൻ നടപടി സ്വീകരിക്കുന്നില്ല - സർക്കാരിന് റവന്യൂ നഷ്ടം

1908ലെ രജിസ്ട്രേഷൻ ആക്ട് പ്രകാരം ഒരു വർഷമോ അതിനുമുകളിലോ കാലാവധി നിശ്ചയിച്ച എല്ലാ പാട്ടക്കരാറുകളും രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. നഗരസഭയിലെ മുറികൾ ഒരു വർഷത്തേക്കാണ് വാടകക്ക് നല്കുന്നത്. ഈ കരാറുകളിൽ കരാർ സംബന്ധിച്ച എല്ലാ വിശദാംശങ്ങളും എഴുതിചേർക്കുന്നുമില്ല. നഗരസഭ വക ഷോപ്പിംഗ് കോംപ്ളക്സുകൾ വാടകയ്ക്ക് നൽകുമ്പോൾ ചമയ്ക്കുന്ന കരാറുകൾ രജിസ്റ്റർ ചെയ്യപ്പെടുന്നില്ല. ഇതുമൂലം സർക്കാരിന് വലിയ റവന്യൂ നഷ്ടമുണ്ടാകുന്നുണ്ടെന്ന് മാത്രമല്ല വാടക ഒടുക്കാത്ത കരാറുകാർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുവാൻ കഴിയാതെ വരികയും ചെയ്യുന്നു.

5. 2015-16 വർഷം നടത്തിയിട്ടുള്ള വിവിധ കുത്തക ലേലങ്ങളുടെ കരാറുകൾ ലഭ്യമാക്കിയില്ല.

## 2-9 നഗരസഭയുടെ ഷോപ്പിംഗ് കോപ്ലക്സിൽ വാടക അടവാക്കുന്ന മുറികൾ ഒഴിഞ്ഞ് കിടക്കുന്നു

വാണിജ്യ, വ്യവസായ ആവശ്യങ്ങൾക്ക് വാടകക്ക് നൽകിയിരിക്കുന്ന നഗരസഭയുടെ താഴെ പറയുന്ന കെട്ടിട മുറികളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഡി&ഒ ലൈസൻസ് എടുക്കാത്തതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയും അതിനുള്ള മറുപടി പ്രകാരം ലഭ്യമായ വിവരങ്ങളും താഴെ ചേർക്കുന്നു.

| വാർഡ് നമ്പർ | കെട്ടിട നമ്പർ (ഡി&ഒ ലൈസൻസ് എടുക്കാത്തവ) | ഓഡിറ്റ് എൻക്വയറി 6/10.01.17നുള്ള മറുപടി പ്രകാരം ലഭ്യമായ വിവരങ്ങൾ |
|---|---|---|
| XXII | 785, 786, 787, 799, 800, 801, 802, 803, 804, 805, 806, 807, 808, 810, 813, 818, 820, 829, 831, 837, 839, 840, 841, 844, 848, 849, 851, 852, 853, 854, 896, 897, 899, 904 | വാടക അടവാക്കുന്നുണ്ടെങ്കിലും മുറികൾ ഒഴിഞ്ഞ് കിടക്കുന്നു |
| VII | 28B, 28D, 28G, 28J, 28K, 28L, 28M, 28Q, 28Y(7മുറികൾ), 28K, 28S, 28T, 28U, 28X, 28N(D3) | ടി മുറികൾ പഴയ കെട്ടിട നമ്പർ പ്രകാരമാണ് ലൈസൻസ് എടുത്തിട്ടുള്ളത് |
| VII | 16F, 16H (2015-16ൽ പുതിയതായി വാടകക്ക് നൽകിയ ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ) | വാടക അടവാക്കുന്നുണ്ടെങ്കിലും മുറികൾ ഒഴിഞ്ഞ് കിടക്കുന്നു |
| VII | 28Y-16,28Y-17 (2015-16ൽ പുതിയതായി വാടകക്ക് നൽകിയ ബസ് സ്റ്റാന്റ് | വാടക അടവാക്കുന്നുണ്ടെങ്കിലും മുറികൾ ഒഴിഞ്ഞ് കിടക്കുന്നു |

| | | |
|---|---|---|
| | ടെർമിനലിനകത്തെ കടമുറികൾ) | |
| XXII | 804B, 804F, 804G (2015-16ൽ പുതിയതായി വാടകക്ക് നൽകിയ പച്ചക്കറി മാർക്കറ്റിനകത്തെ കടമുറികൾ) | വാടക അടവാക്കുന്നുണ്ടെങ്കിലും മുറികൾ ഒഴിഞ്ഞ് കിടക്കുന്നു |

മേൽ പറഞ്ഞ ഇത്രയും അധികം മുറികൾ കൃത്യമായി വാടക അടവാക്കുന്നുണ്ടെങ്കിലും ഒഴിഞ്ഞ് കിടക്കുന്നു എന്ന് പറയുന്നത് വിശ്വാസയോഗ്യമല്ല. മേൽ മുറികളിൽ വ്യവസായ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് അന്വേഷണവിധേയമാക്കേണ്ടതുണ്ട്.

## 2-10 വാടകക്ക് കൊടുത്തിട്ടുള്ള മുറികളുടെ കൈവശക്കാരന്റെ പേരിലല്ല ഡി & ഒ ലൈസൻസ് അനുവദിച്ചത്

താഴെ പറയുന്ന വാടക കെട്ടിടങ്ങളുടെ കൈവശക്കാരന്റെ പേരിലല്ല ഡി & ഒ ലൈസൻസ് അനുവദിച്ചിട്ടുള്ളത്.

| ക്രമ നം | കെട്ടിട നം | വാടക രജിസ്റ്റർ പ്രകാരം | ഡി & ഒ ലൈസൻസ് അനുവദിച്ചിട്ടുള്ളത് |
|---|---|---|---|
| 1 | 28സി | അലിമോൻ പണ്ടാരത്തിൽ വീട് പാലയൂർ | പി.ജി.സുനിൽ ഗുൽമോഹർ വില്ല എടപ്പിള്ളി |
| 2 | 28ഇ | അബ്ദുൾ നാസർ പരുവീട്ടിൽ വീട് എടപ്പിള്ളി | ജുനൈദ് പൊന്നാനി |
| 3 | 28 എഫ് | ഹക്കിം ചാവക്കാട് | ഇല്ല്യാസ് കാഞ്ഞിരമുക്ക് |
| 4 | 28 എച്ച് | ജോർജ്ജ് മറോക്കി,ഗുരുവായൂർ | മാമുക്കോയ |
| 5 | 28 ഐ | വാടക ഇല്ല | മുനീർ മുഹമ്മദ് ചാവക്കാട് |
| 6 | 60എ1 | അബു | മുഹമ്മാലി |

| | | | |
|---|---|---|---|
| | | രാമനാത്ത് | എടക്കഴിയൂർ |

മേൽ പട്ടിക പ്രകാരം മുനിസിപ്പാലിറ്റി വാടകക്ക് കൊടുത്തിട്ടുള്ളവരല്ല അവ ഉപയോഗിക്കുന്നത് എന്നുവേണം കരുതാൻ.

കേരള മുൻസിപ്പാലിറ്റി നിയമത്തിലെ 215-(4)(2) വകുപ്പ് പ്രകാരം മുൻസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ളതും വാടകയ്ക്ക് കൊടുത്തിട്ടുള്ളതുമായ യാതൊരു കെട്ടിടവും മുറിയും ലൈസൻസുകാരൻ മുൻസിപ്പാലിറ്റിയുടെ അനുമതികൂടാതെ മറ്റാർക്കും കീഴ്വാടകയ്ക്ക് കൊടുക്കാനോ ഉപയോഗത്തിന്റെ സ്വഭാവം മാറ്റാനോ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മാത്രമല്ല 215(5)(2) വകുപ്പ് പ്രകാരം ഏതെങ്കിലും ഒരാൾക്ക് വാടകയ്ക്ക് നൽകിയിട്ടുള്ള ഏതെങ്കിലും കെട്ടിടമോ മുറിയോ കീഴ് വാടകയ്ക്ക് കൊടുത്തിട്ടുള്ളതായി ഏതെങ്കിലും സമയത്ത് സെക്രട്ടറിയ്ക്ക് ബോധ്യപ്പെട്ടാൽ അങ്ങനെയുള്ള ആൾക്കു കൊടുത്ത ലൈസൻസ് ഉടൻതന്നെ റദ്ദാക്കേണ്ടതും കെട്ടിടം കൈവശം വെച്ചിരിക്കുന്ന ആളുകളോട് ആ ഉത്തരവിൽ പറഞ്ഞിട്ടുള്ള സമയത്തിനുള്ളിൽ ഒഴിഞ്ഞു പോകാൻ നിർദ്ദേശിക്കുകയും ചെയ്യേണ്ടതാണ്. കേരള മുൻസിപ്പാലിറ്റി നിയമത്തിലെ വ്യവസ്ഥകൾ പാലിക്കാതെ വാടകക്കാർ കടമുറികൾ മേൽവാടകക്ക് കൊടുക്കുന്നത് പരിശോധിച്ച് തുടർനടപടികളെടുക്കേണ്ടതാണ്.

അപാകത സംഭവിച്ചതിന് വിശദീകരണം നല്കേണ്ടതാണ്

## 2-11 വാടകകുടിശ്ശിക എഴുതിത്തള്ളൽ - ഫയൽ ഹാജരാക്കിയില്ല.

ഫയൽ നം - ആർ 2 – 7026/15

2014-15 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക, വാടക രജിസ്റ്റർ എന്നിവ പ്രകാരം വാടക കുടിശ്ശികയായി കാണിച്ചിട്ടുള്ള 22932 രൂപ 2015-16 ലെ കൗൺസിൽ തീരുമാന പ്രകാരം എഴുതിത്തള്ളിയതായി കാണിച്ചിട്ടുണ്ട്. (കൗൺസിൽ തീരുമാനം നം 3/30.07.2015) ഈ തുക ഒഴിവാക്കിയാണ് 2015-16 വർഷത്തെ വാർഷിക ധനകാര്യപത്രിക തയ്യാറാക്കിയിട്ടുള്ളത്. കേരള മുനിസിപ്പാലിറ്റി ചട്ടങ്ങൾ പ്രകാരം കൗൺസിലിന്റെ തീരുമാന പ്രകാരം എഴുതിത്തള്ളാവുന്ന പരമാവധി തുക 2000 രൂപയാണ്. വാർഷിക ധനകാര്യപത്രികയിൽ തെറ്റായി ചേർത്തുവന്നതിനാൽ എഴുതിത്തള്ളാവുന്നതാണെന്നാണ് കൗൺസിൽ തീരുമാനം.എന്നാൽ ഇതു സംബന്ധിച്ച ഫയൽ പരിശോധനക്ക് ലഭ്യമാക്കിയില്ല. ഫയൽ ഹാജരാക്കേണ്ടതാണ്.

## 2-12 മണത്തല ചന്ദനക്കുടം നേർച്ച 2016 ജനുവരി-താൽക്കാലിക കച്ചവട സ്റ്റാളുകൾക്ക് ഡി&ഒ ലൈസൻസ് അനുവദിച്ചതിലെ അപാകതകൾ

മണത്തല ചന്ദനക്കുടം നേർച്ചയോടനുബന്ധിച്ച് താൽക്കാലിക സ്റ്റാളുകൾക്ക് ലൈസൻസ് അനുവദിച്ചതുമായി ബന്ധപ്പെട്ട് ആകെ 191 അപേക്ഷകളാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്. (ലൈസൻസ് അപേക്ഷാ ക്രമനമ്പർ 1മുതൽ 55വരെ, 201 മുതൽ 276 വരെ, 301 മുതൽ 360 വരെ). എന്നാൽ ലൈസൻസ് ഫീ അടച്ചതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററിൽ മാന്വൽ രശീത് ബുക്ക് നമ്പർ 160 ൽ 1 മുതൽ 75 വരെയും രശീത് ബുക്ക് നമ്പർ 161 ൽ 1മുതൽ 55വരെയുമുള്ള രശീതികൾ പ്രകാരം ആകെ 130 സ്റ്റാളുകളിൽ നിന്ന് ലൈസൻസ് ഫീ ഈടാക്കിയതിന്റെ

വിവരങ്ങളാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 39120രൂപയാണ്(11501110864/30.01.16) ലൈസൻസ് ഫീ ഇനത്തിൽ ആകെ ഈടാക്കിയിട്ടുള്ളത്. അപേക്ഷകളുടെ എണ്ണത്തിലും ലൈസൻസ് ഫീ ഈടാക്കിയ സ്റ്റാളുകളുടെ എണ്ണത്തിലും വ്യത്യാസം വന്നിട്ടുണ്ട്.

ലൈസൻസ് അനുവദിച്ചുവെന്നോ, നിരസിച്ചുവെന്നോ, ഏത് തിയ്യതിക്കാണ് ലൈസൻസ് അനുവദിച്ചതെന്നോ അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടില്ല. ഈടാക്കിയ ഫീ , രശീത് നമ്പർ

എന്നിവ അപേക്ഷകളിലൊന്നും രേഖപ്പെടുത്തിയിട്ടില്ല. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ,

ഹെൽത്ത് ഇൻസ്പെക്ടർ, സെക്രട്ടറി തുടങ്ങിയ ഉദ്യോഗസ്ഥർ ആരും തന്നെ അപേക്ഷയിൽ അനുമതി നൽകാതെയാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്.

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 26 നുള്ള മറുപടിയിൽ നേർച്ചയുടെ അവസാന ദിവസമാണ് ലൈസൻസ് പിരിവിനായി ഇറങ്ങാറുള്ളതെന്നും അസാമാന്യ തിരക്ക് കാരണമാണ് അപേക്ഷയിൽ രേഖപ്പെടുത്തലുകൾ നടത്തുന്നതിന് സാധിക്കാത്തതെന്നുമാണ് അറിയിച്ചിട്ടുള്ളത്. കൂടാതെ ക്രമനമ്പർ 301 മുതൽ 306 വരെയുള്ള അപേക്ഷകൾ 2014-15 സാമ്പത്തിക വർഷത്തെയാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ അപേക്ഷാഫോമിൽ വർഷമോ തിയ്യതിയോ രേഖപ്പെടുത്താത്തതിനാൽ ഈ കാര്യത്തിന്റെ കൃത്യത ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സംയോജിത ചേരിവികസന ഭവനനിർമ്മാണ പദ്ധതി വൻതുക മൂതനിക്ഷേപമായി ബാങ്കിൽ .

ഫയൽ നം.8263/07

നഗരങ്ങളിലെ ചേരികളുടെ വികസനത്തിനായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിട്ടുള്ള സംയോജിത ഭവന നിർമ്മാണ ചേരി വികസന പദ്ധതിയ്ക്കുവേണ്ടി 15-16 വർഷം 4,00,000 രൂപ താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. ഇവർ നിലവിലെ ഡി.പി.ആർ ലിസ്റ്റിൽ ഉൾപ്പെടാത്തവരായതിനാൽ തുടർ അന്വേഷണത്തിൽ ജില്ലാ കുടുംബശ്രീ മിഷൻ തയ്യാറാക്കിയ 18 പേരുടെ ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കുകയുണ്ടായി. നിലവിലെ ഡി.പി.ആർ ലിസ്റ്റിൽ മാറ്റം വരുവാനുണ്ടായ സാഹചര്യം, സർവെ നടത്തിയതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, കൗൺസിൽ അംഗീകരിച്ച തീരുമാനം, തുക കൈപ്പറ്റിയ ഗുണഭോക്താക്കളുടെ രശീതി എന്നിവയുടെ അഭാവത്തിൽ ചെലവഴിച്ച 4,00,000 രൂപ തടസ്സപ്പെടുത്തുന്നു.

| ക്രമ നം | ഗുണഭോക്താവ് | ചെക്ക് നം/ തിയ്യതി | തുക |
|---|---|---|---|
| 1 | സുഹറ ബഷീർ | 84608/21-4-15 | 20,000 |
| 2 | ടി | 84619/28-5-15 | 1,40,000 |
| 3 | ഫൗസിയ മുഹമ്മദ് | 84615/21-4-15 | 60,000 |

| | | | |
|---|---|---|---|
| 4 | ടി | 84618/21-5-15 | 40,000 |
| 5 | താഹിറ | 841617/20-5-15 | 40,000 |
| 6 | ആമിനുമ്മ | 841616/21-5-15 | 40,000 |
| 7 | ടി | 841627/26-2-16 | 10,000 |
| 8 | ഗോപി | 841620/13-7-15 | 20,000 |
| 9 | ടി | 841605/13-7-15 | 20,000 |
| 10 | മുഹമ്മദ് ഹനീഫ | 841622/22-2-16 | 10,000 |
| ആകെ | | | 4,00,000 |

സംയോജിത ഭവനനിർമ്മാണ ചേരി നിർമ്മാർജ്ജന പദ്ധതി പ്രകാരം 30-6-16ൽ 36,39,301.53രൂപ മുതനിക്ഷേപമായി IOB ബാങ്കിൽ നിക്കിയിരുപ്പുണ്ട്. യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തി പ്രേജക്റ്റ് നടപ്പാക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## 3-2 പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യനിർമ്മാർജ്ജനസെൽ നിർവ്വഹണം നടത്തിയ പദ്ധതികൾ - അപാകതകൾ

1)

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | S0006/16, ഭവനപുനരുദ്ധാരണം (ജനറൽ) |
| ഫണ്ട് | വികസനഫണ്ട് (പൊതുവിഭാഗം) |
| അടങ്കൽ | 16,00,000/- |
| ചെലവ് | 16,00,000/- |
| ട്രഷറി ബിൽ നമ്പർ | 32/15-16 dt 31.12.15 (15000)<br>68/15-16 dt 01.03.16(10000) |

സ.ഉ (സാധാ) നം. 362/13/ തസ്വഭവ തി. 16.11.13 പ്രകാരം പുറപ്പെടുവിച്ച പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിയുടെ ആസൂത്രണ / സബ്സിഡി മാർഗ്ഗരേഖ പ്രകാരം വരുമാനപരിധി 50,000/- രൂപക്ക് വിധേയമായി ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെട്ടവരോ അല്ലാത്തവരോ ആയ വ്യക്തികൾക്കാണ് ഭവനപുനരുദ്ധാരണത്തിന് ധനസഹായം അനുവദിക്കാവുന്നത്. ഭവനപുനരുദ്ധാരണം പദ്ധതി ഗുണഭോക്താവായ ശ്രീ.ബക്കർ മുസ്ലിംവീട്ടിൽ ഹാജരാക്കിയിട്ടുള്ള ഗുരുവായൂർ വില്ലേജ് ഓഫീസിലെ 14.12.15 ലെ 15450850 നമ്പർ വരുമാനസർട്ടിഫിക്കറ്റ് പ്രകാരം ടിയാന്റെ വാർഷികവരുമാനം 60,000/- രൂപയാണ്. ആയതിനാൽ ടിയാന് ധനസഹായം അനുവദിക്കാവുന്നതല്ല. ആയതിനാൽ ടിയാന് ധനസഹായം നൽകിയ 25,000/- രൂപ തടസ്സപ്പെടുത്തുന്നു.

2)

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | S0009/16, സാനിട്ടറി കക്കൂസ്(ജനറൽ) |
| ഫണ്ട് | വികസനഫണ്ട് (പൊതുവിഭാഗം) |
| അടങ്കൽ | 1,60,000/- |
| ചെലവ് | 1,60,000/- |
| ട്രഷറി ബിൽ നമ്പർ | 57/15-16 തി. 26.02.16 (43000/-)<br>73/15-16 തി. 22.03.16 (46000/-) |

പദ്ധതി ഗുണഭോക്താവായ ശ്രീ.പ്രസാദ് പന്തായിൽ കക്കൂസ് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ടിയാന് ബിൽ നമ്പർ 57/15-16 തി. 26.02.16 പ്രകാരം 5,000/- രൂപ നൽകിയിട്ടുണ്ട്. ബിൽ നമ്പർ 73/15-16 തി. 22.03.16 പ്രകാരം 3,000 രൂപ പിൻവലിച്ച് ഡിഡിയായി സൂക്ഷിച്ചിരിക്കുന്നു (വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല). തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വിവിധ ഫണ്ടിനങ്ങളും അവ പിൻവലിക്കുന്നതും വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട സ.ഉ.(പി) നം. 177/2006/Fin തി. 12.04.2016 പ്രകാരം ഡിഡികൾ 30 ദിവസത്തിൽ കൂടുതൽ വിതരണം ചെയ്യപ്പെടാതെ സൂക്ഷിക്കുവാൻ പാടുള്ളതല്ല. ഓഡിറ്റ് എൻക്വയറി നം. 10/11.01.2017 നുള്ള മറുപടി പ്രകാരം ടി ഗുണഭോക്താവ് കക്കൂസ് നിർമ്മാണം പുനരാരംഭിച്ചിട്ടുണ്ട്. ആയതിനാൽ, പൂർത്തീകരണസാക്ഷ്യപത്രവും തുക വിതരണം ചെയ്ത രേഖയും ഹാജരാക്കുന്നതുവരെ 8,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3)

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | S0003/16, ഭവനനിർമ്മാണം (ജനറൽ) |
| ഫണ്ട് | വികസനഫണ്ട് (പൊതുവിഹിതം) |
| അടങ്കൽ | 64,00,000/- |
| ചെലവ് | 64,00,000/- |

എ) ശ്രീമതി.മിനി.കെ.ജി, കുന്നത്തുള്ളി ഹൗസ്, ശ്രീമതി.നിർമ്മല മൂരാക്കൽ, ശ്രീമതി.ലളിത.വി.വി, വന്നേരി ഹൗസ്, ശ്രീമതി.ലൈല ഫൈസൽ, പാലപ്പറമ്പിൽ, ശ്രീമതി. ഷീബ ഷാജി, കൊപ്പര ഹൗസ്, ശ്രീ. വാസുദേവൻ, തറയിൽ, ശ്രീമതി. മാമി, തൊട്ടാപ്പിൽ റമളാൻ, എന്നീ ഗുണഭോക്താക്കൾ ഭവനനിർമ്മാണധനസഹായത്തിന്റെ ആദ്യ ഗഡുവായി 20,000/- രൂപ കൈപ്പറ്റിയിട്ടുണ്ട്. തുടർഘട്ടങ്ങൾക്ക് അർഹമായ ഗഡുക്കളൊന്നും കൈപ്പറ്റിയതായി കാണുന്നില്ല. ടി ഗുണഭോക്താക്കളുടെ ഗൃഹനിർമ്മാണം സ്തംഭനാവസ്ഥയിലാണെങ്കിൽ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം നൽകിയ തുക 12% പലിശസഹിതം

തിരികെ ഈടാക്കേണ്ടതാണ്.

ബി) ശ്രീമതി. പുഷ്പ പൂക്കോട്ടിൽ, ശ്രീമതി. ഫൗസിയ കമറു അച്ചുവീട്ടിൽ എന്നീ ഗുണഭോക്താക്കൾക്ക് യഥാക്രമം ട്രഷറി ബിൽ നമ്പർ 30/15-16 തി. 21.01.16 (ബിൽ തുക- 11,60,000/-), 66/15-16 തി. 22.03.16 (ബിൽ തുക – 8,00,000/-) പ്രകാരം 20,000/- രൂപ വീതം നൽകിയിട്ടുണ്ടെങ്കിലും അക്വിറ്റൻസ് രജിസ്റ്ററിൽ ടിയാളുകളുടെ പേരില്ല. ആയതുസംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറി (10/11.01.17) ക്ക് നൽകിയ മറുപടി പ്രകാരം ടിയാളുകൾ ആദ്യഗഡു കൈപ്പറ്റിയതിനുശേഷം ഭവനനിർമ്മാണം തുടരുന്നില്ലെന്ന് അറിയിച്ച് തുക തിരികെ നൽകിയിട്ടുണ്ട്. എന്നാൽ തുക തിരികെ ലഭിച്ചതിന് രേഖ ഹാജരാക്കിയിട്ടില്ല. ആയതിനാൽ, 40,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

സി) ശ്രീമതി.ഗിരിജ മനോജ് എന്ന ഗുണഭോക്താവിന് ബിൽ നമ്പർ 21/15-16 തി. 22.12.15 (ബിൽ തുക- 11,00,000/-) പ്രകാരം 80,000/-, ബിൽ നമ്പർ 30/15-16 തി. 20.01.16 (ബിൽ തുക- 11,60,000/-) പ്രകാരം 60,000/-, ബിൽ നമ്പർ 66/15-16 തി. 22.03.16 (ബിൽ തുക- 8,00,000/-) പ്രകാരം 40,000/-, ബിൽ നമ്പർ 86/15-16 തി. 26.03.16 (ബിൽ തുക- 3,20,000/-) പ്രകാരം 40,000/- എന്നിങ്ങനെ ആകെ 2,20,000/- രൂപ നൽകിയതായി ബാങ്ക് അക്കൗണ്ടുകളിലേക്ക് തുക ട്രാൻസ്ഫർ ചെയ്യുന്നതിനായുള്ള സ്റ്റേറ്റ്മെന്റുകൾ കാണിക്കുന്നു. ആയതു പ്രകാരം ടി ഗുണഭോക്താവിന് 20,000/- രൂപ അധികം നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറി (10/11.01.17) ക്കുള്ള മറുപടി പ്രകാരം അധികം നൽകിയ 20,000/- രൂപ തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിച്ചിട്ടുണ്ട്. ആയതിനാൽ 20,000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

4)

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | S0049/16, ഭവനനിർമ്മാണത്തിന് സ്ഥലം വാങ്ങൽ(ജനറൽ) |
| ഫണ്ട് | വികസനഫണ്ട് (പൊതുവിഹിതം) |
| അടങ്കൽ | 12,00,000/- |
| ചെലവ് | 8,00,000/- |
| ട്രഷറി ബിൽ നമ്പർ | 74/15-16 തി. 22.03.16 (2,00,000/-) |

പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിയുടെ ആസൂത്രണ / സബ്സിഡി മാർഗ്ഗരേഖയായ സ.ഉ(എം.എസ്) നം.362/2013/തസ്വഭവ തി. 16.11.2013 അനുബന്ധം 16, ഖണ്ഡിക 3.6.3 പ്രകാരം സബ്സിഡി തുകയുടെ പരിധിയിൽ കവിയാതെ (2,00,000/-) നിശ്ചയിക്കപ്പെട്ട മിനിമം വിസ്തൃതിയിൽ (2 സെന്റ്) കൂടുതൽ സ്ഥലം വാങ്ങിച്ചാൽ മിനിമം സ്ഥലത്തിനുള്ള വില നിജപ്പെടുത്തി സബ്സിഡി തുക പരിമിതപ്പെടുത്തേണ്ടതാണ്. ശ്രീമതി.ജിജി പ്രേമൻ, കൊറ്റംകുളം, മണത്തല, ചാവക്കാട് എന്ന ഗുണഭോക്താവ് ഹാജരാക്കിയ ചാവക്കാട് സബ് രജിസ്ട്രാഫീസിലെ 20.01.16 ലെ 132 -ാം നമ്പർ ആധാരപ്രകാരം ടിയാൾ പൊന്നരാശ്ശേരി അജിത എന്നയാളുടെ പക്കൽനിന്നും 1.62 ആർ

സ്ഥലം (4 സെന്റ്) 2,00,000/- രൂപക്കാണ് വാങ്ങിയിട്ടുള്ളത്. മേൽ പരാമർശിച്ച ഉത്തരവിലെ നിബന്ധന പ്രകാരം ടി ഗുണഭോക്താവിന് ഒരു സെന്റ് ഭൂമിയുടെ വിലയായ 50,000/- രൂപ പ്രകാരം ആകെ 1,00,000/- രൂപയുടെ ധനസഹായമാണ് അനുവദിക്കാവുന്നത്. അധികം അനുവദിച്ച 1,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 ഗ്യാസ് ക്രിമിറ്റോറിയത്തിൽ സ്റ്റെയിൻലെസ്സ് സ്റ്റീൽ ചിമ്മിനി സ്ഥാപിക്കൽ-ടെണ്ടറിൻമേൽ തുടർനടപടികളില്ല.

പ്രോജക്ട് നം.213/16,അടങ്കൽ 1400000(സാങ്കേതിക അനുമതി-1250000)

3/3/16 ലെ ടെണ്ടർ നം.E1-1214/16 പ്രകാരമുള്ള ഇ-ടെണ്ടർ അനുസരിച്ച് 17/3/16, 4pm ന് തുറക്കേണ്ട ഈ ടെണ്ടറിൽ ലഭിച്ച രണ്ട് ടെണ്ടറുകളിൽ ഏറ്റവുംകുറവ് രേഖപ്പെടുത്തിയിട്ടുള്ളത് എറണാകുളം എടയാറുള്ള ടെക്സ് ഇന്ത്യ കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനമാണ്.(7% കുറവ് നിരക്ക്)പക്ഷെ 15/3/16 12.30 pm ന് ലഭിച്ച ടെണ്ടറുകൾ അസി.എൻജിനീയർ തുറന്നിട്ടുള്ളത് ശരിയായ നടപടിക്രമമല്ല.14/3/16 4pm വരെയാണ് ടെണ്ടർ സമർപ്പിക്കാൻ സമയം നൽകിയിരുന്നത്. 15/3/16 ന് ടെണ്ടറുകൾ തുറന്നെങ്കിലും ആയതിന്മേൽ കാര്യാലയക്കുറിപ്പെഴുതിയത് 21/5/16 ന് മാത്രമാണ്. അന്നേദിവസം അസി.എൻജിനീയർ കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ അംഗീകരിക്കാമെന്ന് കുറിപ്പെഴുതിയിട്ടുള്ളതാണ്. 25/5/16 ന് അസി.എക്സി.എൻജിനീയറുടെ ടെക്സ് ഇന്ത്യ കമ്പനിയുടെ ടെണ്ടർ അംഗീകരിക്കാമെന്ന് കുറിപ്പെഴുതിയിട്ടുള്ളതാണ്. എങ്കിലും ആയതിന്മേൽയാതൊരു നടപടികളും നാളിതുവരെ നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതുമാണ്.2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2009-5 നിബന്ധനയനുസരിച്ച് ടെണ്ടർ തുറന്ന് 2 മാസമാണ് ഫേം പിരീഡ്. 2009-6 നിബന്ധനയനുസരിച്ച് ഏഴ ദിവസത്തിനുള്ളിലോ,ഫേം പിരീഡിനുള്ളിലോ ഏതാണ് ആദ്യം വരുന്നത് അതിനുള്ളിൽ സെലക്ഷൻ നോട്ടീസ് നൽകി നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനുള്ളിൽ കരാർ ചമക്കേണ്ടതാണ്. ഫേം പിരീഡ് കഴിഞ്ഞതിനാൽ ഇനി കരാർ ചമക്കാൻ കഴിയുകയുമില്ല. പ്രോജക്ട് റദ്ദാക്കിയതായോ,സ്പിൽ ഓവർ ചെയ്തിട്ടുള്ളതായോ ഉള്ള യാതൊരു വിവരങ്ങളും ഫയലിലില്ല. ശരിയായ നടപടിക്രമങ്ങൾ സ്വീകരിക്കാതെ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള സ്ഥാപനവുമായി കരാർ ചമക്കാത്തതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

## 3-4 നെയിം ബോർഡ് സ്ഥാപിച്ചില്ല-നഷ്ടം-1425 രൂപ

| | |
|---|---|
| പ്രോജക്ട് നം.,പ്രവൃത്തി,അടങ്കൽ | SO164/16,വി.കെ.ശേഖരൻ റോഡിൽ മെറ്റലിങ് ടാറിങ്,1335000 |
| കരാറുകാരൻ | പി.പി.സുനിൽകുമാർ |
| അളവുപുസ്തകം | 46/15-16 |
| ബിൽ നം.,തുക | 80/10/3/16, 211168<br>81/10.3.16, 1080000 |
| ഡി.ഡി.നം.,തുക | 620446/16/3/16, 211168<br>620446/16/3/16, 1002529 |

| | |
|---|---|
| നിരക്ക് | 0.5% കുറവ് |

12/1/2017 12.10 pm ന് നഗരസഭയിലെ അസി.എൻജിനീയർ ശ്രീ. കെ.കെ. മനോജ് എന്നവരുടെ സാന്നിദ്ധ്യത്തിൽ പ്രവൃത്തിസ്ഥലം സന്ദർശിച്ചപ്പോൾ ഇനം 8 പ്രകാരമുള്ള നെയിം ബോർഡ് സ്ഥാപിച്ചില്ല എന്ന് കണ്ടു. ആയതിനാൽ ഈ ഇനത്തിൽ കരാറുകാരന് നൽകിയിരുന്ന തുക 1425 രൂപ(1500-0.5% കുറവ്)കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ നഗരസഭാ എൻജിനീയറിൽ നിന്നോ ഈടാക്കി വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-5 റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്ക് തെറ്റായ സ്പെസിഫിക്കേഷൻ ഉപയോഗിക്കുന്നത്

റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്ക് ഉപയോഗിക്കേണ്ടത് DARൽ റോഡ് പ്രവൃത്തികളെക്കുറിച്ച് പ്രതിപാദിക്കുന്ന 16-ാം അദ്ധ്യായത്തിലെ ഇനം 16.42 ആണ്. ഇതനുസരിച്ച് ചെയ്യേണ്ട പ്രവൃത്തി ചുവടെ ചേർക്കുന്നു.

Cement concrete 1:2:4 (1 cement ,2 coarse sand, 4 graded aggregate 40 mm nominal stone) in pavements,laid to required slope and camber in panels as required including consolidation,finishing and tampicomplete...

എന്നാൽ ഈ സ്പെസിഫിക്കേഷനു പകരം റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്ക് ഉപയോഗിച്ചിരിക്കുന്നത് DAR ലെ 4.1.3, 4.1.8, എന്നീ ഇനങ്ങളാണ്. 4.1.8 അനുസരിച്ച് 1:4:8 എന്ന അനുപാതത്തിലും അതിനു മുകളിൽ 4.1.3 അനുസരിച്ച് 1:2:4 എന്ന അനുപാതത്തിലും കോൺക്രീറ്റിംഗ് നടത്തി വരുന്നു. ഉദാ. ഗുരുദേവ റോഡിൽ നിന്നും വടക്ക് സ്നേഹതീരം വരെ നടപ്പാത കോൺക്രീറ്റിങ്-(പ്രോജക്ട് നം-92/16)

റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്ക് നിശ്ചിത സ്പെസിഫിക്കേഷന് (16.42) വിരുദ്ധമായി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി ഏൽപ്പിച്ചു കൊടുത്തത് വഴി സ്ഥാപനത്തിന് വൻ സാമ്പത്തിക ബാധ്യത വരുത്തിയതായി കാണുന്നു. റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ DARൽ റോഡ് പ്രവൃത്തികളെക്കുറിച്ച് പ്രതിപാദിക്കുന്ന 16 ാം അദ്ധ്യായത്തിലെ ഇനം 16.42 പ്രകാരം നിർവ്വഹിക്കാതിരുന്നതിനുള്ള കാരണം വിശദമാക്കേണ്ടതാണ്.

## 3-6 ടാറിംഗ്, റീടാറിംഗ് പ്രവൃത്തികൾ - എസ്റ്റിമേറ്റിൽ സുതാര്യത ഇല്ല

2015-16 വർഷം നടപ്പാക്കിയ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് 2014 ലെ DAR with cost index നിരക്ക് അടിസ്ഥാനമാക്കിയാണ്. ടാറിംഗ്, റീടാറിംഗ് പ്രവർത്തികളുടെ എസ്റ്റിമേറ്റ് പരിശോധിക്കുമ്പോൾ DAR നിരക്കും കൂടെ Observed data പ്രകാരമുള്ള നിരക്കും ഉപയോഗിച്ചിരിക്കുന്നതായി കാണുന്നു.

ടാറിംഗ്, റീടാറിംഗ് പ്രവൃത്തികളുടെ ആദ്യത്തെ ഇനങ്ങൾ സ്റ്റാക്കിങ്ങ്, പോട്ട് ഹോൾ ഫില്ലിംഗ് എന്നീ പ്രവൃത്തികൾ DAR പ്രകാരമുള്ള സ്പെസിഫിക്കേഷൻ അല്ല. DAR പ്രകാരം മേല്പറഞ്ഞ ഇനങ്ങൾ ടാറിംഗിൽ ആവശ്യമില്ലാത്തതാണ്. പോട്ട് ഹോൾ ഫില്ലിംഗ് ആവശ്യമുണ്ടെങ്കിൽ അത്

പ്രത്യേകം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി DAR പ്രകാരമുള്ള സ്പെസിഫിക്കേഷനിൽ ചെയ്യേണ്ടതാണ്. എന്നാൽ Observed data പ്രകാരമുള്ള നിരക്ക് ഉപയോഗിച്ച് ഈ ഇനങ്ങൾ നടപ്പാക്കിയിട്ടുണ്ട്. ഉദാ. തെക്കൻ പാലയൂർ റോഡ് റീടാറിങിന് (പ്രോജക്ട് നം.97/16) 2015-16 വർഷം പോട്ട് ഹോൾ ഫില്ലിങ് ഉൾപ്പെടുത്തി ചെയ്തപ്പോൾ 994.64m$^2$ ന് 483779 രൂപ ചെലവിടേണ്ടിവന്നു.അതേസമയം 2014-15 വർഷം ഫിഷറീസ് സ്കൂൾ 985.71m$^2$ റീടാറിങിന് 2012 ലെ നിരക്ക് പട്ടിക പ്രകാരം (10%കരാറുകാരന്റെ ലാഭം,ഓവർഹെഡ് ചാർജ് ഉൾപ്പെടുത്തി)ആകെ ചെലവുവന്നത് 336601 രൂപയാണ്.കേവലം 8.93m$^2$ കൂടുതൽ ചെയ്യുന്നതിനു മാത്രമായി 147178 രൂപ കൂടുതൽ വന്നിട്ടുള്ളത് പ്രത്യേകം എടുത്തുപറയേണ്ടതാണ്. ടാറിംഗിൽ tack coat using, premix carpet, seal coat എന്നീ 3 ഇനങ്ങൾ ചെയ്യുന്നതിനു മാത്രമാണ് വ്യവസ്ഥയുള്ളത് എന്നിരിക്കെ ആവശ്യമില്ലാത്ത പ്രവൃത്തികൾ കൂടി ചേർത്ത് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-7 പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ കുറവുചെയ്യാതെ ബിൽ തയ്യാറാക്കി നൽകുന്നത് തുടരുന്നു.

ഫയൽ നം.E3-7253/14

എക്സി.എഞ്ചിനിയർ, കേരള വാട്ടർ അതോറിറ്റി, പി.എച്ച്. ഡിവിഷൻ തൃശൂർ- അവർകൾക്ക്

സെക്രട്ടറി അയച്ച 28/4/15 ലെ E3-7253/14കത്തിൽ നിലവിലെ കുടിവെള്ള ടാപ്പുകൾ 352 ൽനിന്ന് പ്രവർത്തനക്ഷമല്ലാത്ത 114 ടാപ്പുകൾ ഒഴിവാക്കി ബിൽ ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ 13/12/16 ലെ കുടിവെള്ളക്കരം അടവാക്കാൻ സമർപ്പിച്ച ഡിമാൻറ് നോട്ടീസ് നം 1910 പ്രകാരം 352 ടാപ്പുകൾ ഉള്ളതായി KWA അറിയിച്ചിട്ടുണ്ട്. 1,88,62,644 രൂപ കുടിശ്ശികയുള്ളതായി KWA അറിയിച്ചെങ്കിലും 238 ടാപ്പുകളുടെ കരമാണ് (238x7884/12=156366) നഗരസഭ അടവാക്കുന്നത്. ഇതുസംബന്ധിച്ച് വ്യക്തത വരുത്തി സംയുക്ത പരിശോധനയ്ക്ക് വിധേയമായി ബിൽ തയ്യാറാക്കാൻ നിർദ്ദേശമുണ്ടാകേണ്ടതാണ്. മീറ്ററിംഗ് സമ്പ്രദായം ഉപയോഗപ്പെടുത്താനുള്ള സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

## 3-8 തെരുവു വിളക്കുകളുടെ സംയുക്ത പരിശോധന നടത്തേണ്ടതാണ്.

നഗരസഭ 2015-16 വർഷം 2671348 രൂപയാണ് 2092 തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ അടവാക്കിയിട്ടുള്ളത്. എന്നാൽ സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായവക്ക് മാത്രമേ വൈദ്യുതി ചാർജ്ജ് അടവാക്കുന്നുള്ളൂ എന്ന് ഉറപ്പുവരുത്തിയിട്ടില്ല. സംയുക്ത പരിശോധന നടത്തി പ്രദേശത്ത് നിലവിൽ പ്രവർത്തിക്കാത്ത ബൾബുകളുടെ ചാർജ് വൈദ്യുതി ബില്ലിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 ഗാർഹിക ശൗചാലയ നിർമ്മാണം : പദ്ധതി ലക്ഷ്യപ്രാപ്തി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.

ഫയൽ നം. 5793/15

ഗാർഹിക ശൗചാലയങ്ങൾ നിർമ്മിക്കുന്നതിന് കേന്ദ്ര-സംസ്ഥാനസർക്കാരുകളുടെ സംരംഭമായ " മാലിന്യത്തിൽ നിന്ന് സ്വതന്ത്ര്യം " എന്ന കാമ്പയിന്റെ ഭാഗമായി 15/10/2015 ലെ ജി.ഒ( ആർ.ടി)നം.3135/15 ത.സ്വ.ഭ.വ എന്ന സർക്കാർ ഉത്തരവുപ്രകാരം ഗാർഹിക ശൗചാലയങ്ങൾ നിർമ്മിക്കുന്നതിന് ഒരു വീടിനായി താഴെപ്പറയും പ്രകാരം തുക വകയിരുത്തി.

കേന്ദ്ര ഗവ.വിഹിതം : 4,000

സംസ്ഥാന ഗവ. വിഹിതം : 1,333

നഗരസഭവിഹിതം : 10,067

ആകെ : 15,400

ആകെ അടങ്കൽ : 36,34,400/-

പ്രേജക്ട് നം : 203/16

മേൽ പദ്ധതിയുടെ നടത്തിപ്പിനായി കുടുംബശ്രീ എ.ഡി.എസ്സ് മുഖേന നഗരസഭ ഭവനങ്ങളിൽ സർവെ നടത്തി 236 വിടുകൾക്ക് ശൗചാലയങ്ങൾ അനുവദിക്കുന്നതിന് ശുപാർശ നൽകിയത് കൗൺസിൽ അംഗികരിച്ചു.(8.1.16 ലെ തീരുമാനം 6)

പദ്ധതി നടത്തിപ്പിലെ അപാകതകൾ.

1. ആദ്യ ഘട്ടത്തിന്റെ നടത്തിപ്പിനുവേണ്ടി തെരഞ്ഞെടുത്ത 78 പേരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയ തുക 3,90,000/- അക്കൗണ്ട് നമ്പരിലെ പിശകുമൂലം 39 പേരുടെ തുക 1,95,000/- തിരികെ വന്നു. അക്ഷയകേന്ദ്രം വഴി രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കളുടെ പരിശോധന ഫലപ്രദമായിരുന്നില്ല എന്നുവേണം കരുതാൻ

2 കുടുംബശ്രീ എ.ഡി.എസ്സ് മുഖേന നഗരസഭ ഭവനങ്ങളിൽ നടത്തിയ സർവേയിൽനിന്ന് 236 പേർ അർഹരാണെന്ന് കണ്ടെത്തുകയും തുടർന്ന് 16/2/16 ലെ നടപടിക്രമ പ്രകാരം സെക്രട്ടറി JHI മാരെ ചുമതലപ്പെടുത്തുകയും, പരിശോധനയിൽ 160 പേർ മാത്രമേ അർഹർ എന്ന് കണ്ടെത്തുകയും ചെയ്തു. ഇതിനു നിശ്ചയിച്ച മാനദണ്ഡം വ്യക്തമല്ല.

3.ലക്ഷ്യപ്രാപ്തി കൈവരിച്ചത് 13 പേർ മാത്രമാണ്.ശൗചാലയം പൂർത്തിയാക്കിയത് താഴെപ്പറയും പ്രകാരം.

ഒന്നാം ഘട്ടം :5000x135=6,75,00

രണ്ടാം ഘട്ടം:8000x108=8,64,00

മൂന്നാം ഘട്ടം:2400x13 =3,12,00

4.ഗുണഭോക്താക്കളുടെ പേരുവിവരം രേഖപ്പെടുത്തുന്ന രജിസ്റ്ററിൽ കൈപ്പറ്റു വിവരങ്ങൾ, ബാങ്ക് ബുക്കുമായിട്ടുള്ള റീകൺസിലിയേഷന്റെ അഭാവം എന്നിവ പരിഹരിക്കപ്പെട്ടിട്ടില്ല. 15-16 വർഷം വികസന ഫണ്ടിൽ നിന്ന് 23,75,812/-രൂപയും ശുചിത്വമിഷൻ വഴി 1,50,000/-(IEC component),16,21,232 രൂപയും 2.1.16 ൽ ICICI ബാങ്കിന്റെ 0494 അക്കൗണ്ടിൽ ക്രഡിറ്റായിട്ടുണ്ട്. ആകെ 41,47,044/-ൽനിന്ന് പാസ്ബുക്കുപ്രകാരം 20,56,971/-തുക തൻവർഷം

പിൻവലിച്ചിട്ടുണ്ട്. 5-1-17പ്രകാരം 20,90,073 രൂപ നീക്കിയിരുപ്പുണ്ട്. ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പിൽ അർഹത മാനദണ്ഡം പരിഗണിക്കാതെ തുക ആവശ്യപ്പെട്ടതിനാൽ വൻ തുക മുതനിക്ഷേപമായി ബാങ്കിൽ കിടക്കുന്നതായി ഓഡിറ്റിൽ അഭിപ്രായപ്പെടുന്നു.

## 3-10 ആശ്രയ പദ്ധതി അവലോകനം

ചാവക്കാട് നഗരസഭയുടെ ഒന്നാംഘട്ട ആശ്രയ പദ്ധതിയിൽ 87 ഗുണഭോക്താക്കളാണ് ഉണ്ടായിരുന്നത്. ഒന്നാംഘട്ട പദ്ധതി സംബന്ധിച്ച് നഗരസഭ ലഭ്യമാക്കിയ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് പ്രകാരം ആകെ ഗുണഭോക്താക്കൾ | 87 |
| പ്രോജക്ട് പ്രകാരം വീട് വയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | 17 |
| നാളിതുവരെ ലഭിച്ചവർ | 5 |
| പ്രോജക്ട് പ്രകാരം വീട് ആവശ്യമുള്ളവർ | 38 |
| നാളിതുവരെ ലഭിച്ചവർ | 18 |
| പ്രോജക്ട് പ്രകാരം വീട് റിപ്പയർ ആവശ്യമുള്ളവർ | 23 |
| നാളിതുവരെ ലഭിച്ചവർ | -- |
| പ്രോജക്ട് പ്രകാരം കക്കൂസ് ആവശ്യമുള്ളവർ | 78 |
| നാളിതുവരെ ലഭിച്ചവർ | -- |
| പ്രോജക്ട് പ്രകാരം കുടിവെള്ളം ആവശ്യമുള്ളവർ | 60 |
| നാളിതുവരെ ലഭിച്ചവർ | -- |
| പ്രോജക്ട് പ്രകാരം കറന്റ് ആവശ്യമുള്ളവർ | 57 |
| നാളിതുവരെ ലഭിച്ചവർ | 3 |

നഗരസഭയിൽ നടപ്പാക്കിയ രണ്ടാം ഘട്ട ആശ്രയപദ്ധതിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് പ്രകാരം ആകെ ഗുണഭോക്താക്കൾ | 74 |
| പ്രോജക്ട് പ്രകാരം വീട് വയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | 5 |
| നാളിതുവരെ ലഭിച്ചവർ | 4 |
| പ്രോജക്ട് പ്രകാരം വീട് ആവശ്യമുള്ളവർ | 11 |
| നാളിതുവരെ ലഭിച്ചവർ | 14 |

| | |
|---|---|
| പ്രോജക്റ്റ് പ്രകാരം വീട് റിപ്പയർ ആവശ്യമുള്ളവർ | 3 |
| നാളിതുവരെ ലഭിച്ചവർ | -- |
| പ്രോജക്റ്റ് പ്രകാരം കക്കൂസ് ആവശ്യമുള്ളവർ | -- |
| നാളിതുവരെ ലഭിച്ചവർ | -- |
| പ്രോജക്റ്റ് പ്രകാരം കുടിവെള്ളം ആവശ്യമുള്ളവർ | -- |
| നാളിതുവരെ ലഭിച്ചവർ | -- |
| പ്രോജക്റ്റ് പ്രകാരം കറന്റ് ആവശ്യമുള്ളവർ | -- |
| നാളിതുവരെ ലഭിച്ചവർ | -- |

നഗരസഭ ലഭ്യമാക്കിയ വിവരമനുസരിച്ച് കക്കൂസ് ആവശ്യമുള്ളവരോ കുടിവെള്ളം ആവശ്യമുള്ളവരോ കറന്റ് ആവശ്യമുള്ളവരോ ആയ ആശ്രയ ഗുണഭോക്താക്കൾ ഇപ്പോൾ നഗരശഭയിൽ ഇല്ല. വീട് വെയ്ക്കാൻ സ്ഥലം ആവശ്യമുള്ളവരും വീട് ആവശ്യമുള്ളവരും വീട് റിപ്പയർ ആവശ്യമുള്ളവരും മാത്രമാണുള്ളത്. നഗരസഭയുടെ പദ്ധതികളിൽ ഉൾപ്പെടുത്തി ഇവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് മുൻഗണന നൽകേണ്ടതാണ്.

## 3.11 ഉദ്ഘാടന ചെലവുകൾക്കായി കൂടുതൽ തുക ചെലവഴിച്ചിരിക്കുന്നു.

ചാവക്കാട് സഗരസഭ കെ.പി.വത്സലൻ സ്മാരക ബസ്സ് ടെർമിനലിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് വൗച്ചർ നമ്പർ 32/10-15 പ്രകാരം 90,581/- രൂപ ചെലവഴിച്ചതായി കാണുന്നു. ജി.ഒ(ആർ.ടി)3866/15 ത.സ്വ.ഭ.വ തീയതി 28.12.2015 പ്രകാരം മന്ത്രിമാർ പങ്കെടുക്കുന്ന ചടങ്ങിനുവേണ്ടി 25,000/- രൂപയും അല്ലാതെ 10,000/- രൂപയുമാണ് മേൽ ആവശ്യങ്ങൾക്കായി കൗൺസിൽ അംഗീകാരത്തോടെ ചെലവഴിക്കാവുന്നത്. കൂടുതലായുള്ള ചെലവുകൾക്ക് സെക്രട്ടറി ഉത്തരവാദിയാണെന്നും പറയുന്നു.ഇതിനെക്കുറിച്ച് ഓഡിറ്റ് അന്വേഷണം നമ്പർ 23 പ്രകാരം ആരാഞ്ഞപ്പോൾ 16.09.2015 ലെ 18 നമ്പർ കൗൺസിൽ തീരുമാനപ്രകാരം 01.12.2015 ൽ സർക്കാരിലേക്ക് അനുമതി തേടിക്കൊണ്ട് കത്തയച്ചിട്ടുണ്ടെന്ന മറുപടിയാണ് ലഭിച്ചത്.

നിലവിലുള്ള നിയമങ്ങൾ മറികടന്ന് കൂടുതലായി ചെലവഴിച്ച 65,581/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3.12ആധാർകാർഡ് ഇല്ലാത്തതിനാൽ കിടപ്പുരോഗികൾക്ക് ക്ഷേമപെൻഷൻ തടസ്സപ്പെട്ടു.

ഓഡിറ്റ് അന്വേഷണം നമ്പർ 20 ന് ലഭിച്ച മറുപടി പ്രകാരം ക്ഷേമപെൻഷനുകളുടെ വിതരണം പോസ്റ്റ് ഓഫീസിൽ നിന്ന് മാറ്റി ആധാർ മുഖേന ബാങ്ക് അക്കൗണ്ടുമായി ബന്ധിപ്പിച്ചപ്പോൾ

തികച്ചും അർഹരായ കിടപ്പുരോഗികൾക്ക് ആധാർ ഇല്ല എന്നതിന്റെ പേരിൽ 2016 ഒക്ടോബർ, നവംബർ, ഡിസംബർ എന്നീ മാസങ്ങളിൽ ക്ഷേമപെൻഷനുകൾ നഷ്ടപ്പെട്ടതായി കാണുന്നു. സർക്കാർ നടപ്പിലാക്കുന്ന ക്ഷേമപദ്ധതികൾ അർഹരായവർക്ക് സാങ്കേതിക കാരണങ്ങളുടെ പേരിൽ നഷ്ടപ്പെടുന്നത് ശരിയല്ല. ആയതിനാൽ മുനിസിപ്പൽ അധികൃതർ എത്രയും വേഗം ഇവർക്ക് പെൻഷൻ ലഭ്യമാക്കാൻ വേണ്ട എല്ലാ നടപടികളും സ്വീകരിക്കണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 3.13 പദ്ധതി പ്രകാരം ലഭിച്ച തുകകളിൽ ചെലവഴിക്കാത്തതുണ്ടെങ്കിൽ എത്രയും വേഗം ട്രഷറിയിൽ തിരിച്ചടക്കേണ്ടതാണ്.

ഈ സാമ്പത്തിക വർഷത്തിൽ ബി ഫണ്ട് ഇനത്തിൽ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം, തൊഴിലില്ലായ്മ വേതനം എന്നീ ആവശ്യങ്ങൾക്കായി മുനിസിപ്പാലിറ്റിയിൽ 14,84,000 രൂപ ലഭിച്ചതായി കാണുന്നു. ഓഡിറ്റ് അന്വേഷണം നമ്പർ 21 ന് ലഭിച്ച മറുപടി പ്രകാരം മേൽ പറഞ്ഞ തുകകളിൽ 30,000 രൂപയുടെ രണ്ട് ഡിമാന്റ് ഡ്രാഫ്റ്റുകൾ ഗുണഭോക്താക്കൾ ധനസഹായം കൈപ്പറ്റാത്തതിനാൽ ബാക്കി വന്നിട്ടുള്ളതായി പറയുന്നു. ഈ തുകകൾ എത്രയുംവേഗം ട്രഷറിയിൽ ഒടുക്കി രസീതി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 3-14 പദ്ധതിചെലവ് നിരീക്ഷിക്കൽ - പദ്ധതി പണം പൂർണ്ണമായും ചെലവഴിച്ചില്ല

2015-16 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിന് ലഭ്യമായ വിവിധ ഫണ്ടുകളുടെ ചെലവ് വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | ഫണ്ടിനം | വകയിരുത്തിയത് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 1 | പ്ലാൻ ഫണ്ട് ജനറൽ | 39933024 | 34360687 | 86.05 |
| 2 | പ്ലാൻ ഫണ്ട് SCP | 11497434 | 8304050 | 72.23 |
| 3 | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 20393929 | 11305288 | 55.43 |
| 4 | ലോകബാങ്ക് ധനസഹായം | 6132891 | 5621760 | 91.67 |
| 5 | കേന്ദ്ര ധനസഹായം | 1397097 | 487919 | 34.92 |
| 6 | മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 9747928 | 8265639 | 84.79 |
| 7 | മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 16987151 | 15534849 | 91.45 |

2015-16 വർഷം പ്രോജക്ടുകൾക്കായി വകയിരുത്തിയ ഫണ്ടുകൾ പൂർണ്ണമായും ചെലവഴിക്കാൻ സാധിച്ചിട്ടില്ല. SCP പ്ലാൻ ഫണ്ട് 72.23 ശതമാനവും, ധനകാര്യകമ്മീഷൻ ഗ്രാന്റ് 55.43 ശതമാനവുമാണ് ചെലവ് ചെയ്തത്. കേന്ദ്ര ധനസഹായം 34.92 ശതമാനം മാത്രമാണ് ചെലവഴിക്കാനായത്. പദ്ധതി പണം പൂർണ്ണമായും വിനിയോഗിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടില്ല.

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| IDSMT | ജി ഒ (ആർ ടി)7335/92 dtd-28/12/92 | 19,00,000 | 439638 | 95,000 | 62939 | 344638 |
| IDSMT | ജി ഒ (ആർ ടി) 4658/95/ | 20,00,000 | 700000 | 1,00,000 | 58705 | 600000 |

| | | | | | | |
|---|---|---|---|---|---|---|
| | LAD dtd-4/8/95 | | | | | |
| IDSMT | ജി ഒ (ആർ ടി) 202/97 dtd-14/01/97 | 20,00,000 | 400000 | 1,00,000 | 24000 | 300000 |
| NSDP | എ1/8326/ 99(2) dtd-30/3/2000 | 14,00,000 | 120941 | 120941 | | 0 |

2015- 16 വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 6 പ്രകാരം 1738790 രൂപ ബാധ്യതയായി കാണിച്ചിട്ടുണ്ട്. എന്നാൽ ലോൺ രജിസ്റ്റർ പ്രകാരം 1244638 രൂപയാണ് അടവാക്കാൻ ശേഷിക്കുന്നത്. 494152 രൂപയുടെ വ്യത്യാസം കാണുന്നു.

## 4-5. സ്ഥിരനിക്ഷേപങ്ങൾ

2015- 16 വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 12 പ്രകാരം 2294875 രൂപ നീക്കിയിപ്പുണ്ട്. ഇതു സംബന്ധിച്ച വിവങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

## 4-6. ഓഡിറ്റ് റിക്കവറി

വാർഷിക കണക്ക പ്രകാരം ഈയിനത്തിൽ തൻവർഷം 24235 രൂപ ലഭിച്ചതായി കാണിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വരവ് തുക സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

## 4-7. ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 126833404 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 140914581 |
| വരവിനങ്ങളിലുള്ള നഷ്ടം | 4968 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 21425 |

| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 638581 |
|---|---|

## ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2- 5(2) | 4968 | | ശ്രീ.കെ. ജി. രവീന്ദ്രൻ, സെക്രട്ടറി |
| 3-2-3 സി | | 20000 | ശ്രീമതി. ബിന്ന. പി.ബി, പ്രേജക്റ്റ് ഓഫീസർ<br><br>നഗരദാരിദ്ര്യനിർമ്മാർജ്ജനസെൽ |
| 3-4 | | 1425 | ശ്രീ.ബി.വിജയകുമാർ, അസി. എക്സി. എഞ്ചിനീയർ, ചാവക്കാട് |
| ആകെ | 4968 | 21425 | |

## (സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 4,00,000 | ശ്രീ.കെ.ജി രവീന്ദ്രൻ, സെക്രട്ടറി |
| 3-2-1 | 25,000 | ശ്രീമതി. ബിന്ന. പി.ബി, പ്രോജക്റ്റ് ഓഫീസർ<br><br>നഗരദാരിദ്ര്യനിർമ്മാർജ്ജനസെൽ |
| 3-2-2 | 8,000 | ശ്രീമതി. ബിന്ന. പി.ബി, പ്രോജക്റ്റ് ഓഫീസർ<br><br>നഗരദാരിദ്ര്യനിർമ്മാർജ്ജനസെൽ |
| 3-2-3(ബി) | 40,000 | ശ്രീമതി. ബിന്ന. പി.ബി, പ്രോജക്റ്റ് ഓഫീസർ<br>നഗരദാരിദ്ര്യനിർമ്മാർജ്ജനസെൽ |
| 3-2-4 | 1,00,000 | ശ്രീമതി. ബിന്ന. പി.ബി, പ്രോജക്റ്റ് ഓഫീസർ<br><br>നഗരദാരിദ്ര്യനിർമ്മാർജ്ജനസെൽ |
| 3-11 | 65,581 | ശ്രീ.കെ.ജി.രവീന്ദ്രൻ, സെക്രട്ടറി |
| ആകെ | 6,38,581 | |

## (ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെ |
|---|---|---|

| നമ്പർ | | പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-5(2) | 249 രൂപ (ലൈബ്രറി സെസ്) | ശ്രീ.കെ.ജി.രവീന്ദ്രൻ, സെക്രട്ടറി |

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.കെ. ജി. രവീന്ദ്രൻ, സെക്രട്ടറി | സെക്രട്ടറി, കൽപ്പറ്റ നഗരസഭ | ശിവകൃപ, വിദ്യാ നഗർ, കൽപ്പറ്റ, നോർത്ത് വയനാട് 673122 |
| ശ്രീമതി. ബിന്ദു. പി.ബി, പ്രേജക്ട് ഓഫീസർ നഗരദാരിദ്ര്യനിർമ്മാർജ്ജനസെൽ | പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ ലഘൂകരണ സെൽ, ചാവക്കാട് നഗരസഭ | ഷാൻഗ്രില, ചൂലിശ്ശേരി പി.ഒ., തൃശ്ശൂർ |
| ശ്രീ.ബി.വിജയകുമാർ, അസി. എക്സി. എഞ്ചിനീയർ | അസി. എക്സി. എഞ്ചിനീയർ | കർണികാരം, 15A പട്ടത്താനം നഗർ, പട്ടത്താനം.പി.ഒ, കൊല്ലം |

## 4-8.തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്ക്സ് |
|---|---|---|
| 1961-62 | എൽ.എഫ്,ടി.4-653/87 തി.20.04.87 | 5 |

| | | |
|---|---|---|
| 64-65 | എൽ.എഫ്.ടി.4-4451/77 തി.03.09.77 | 15 |
| 65-66 | എൽ.എഫ്.ടി.4-4451/77 തി.30.09.77 | 7 |
| 66-67 | എൽ.എഫ്.ടി.4-4451/77 തി.03.09.77 | 6 |
| 73-74 | എൽ.എഫ്.ടി.4-657/87 തി.20.04.87 | 13 |
| 74-75 | എൽ.എഫ്.ടി.4-417/88 തി.10.03.88 | 20 |
| 75-76 | എൽ.എഫ്.ടി.4-656/87 തി.20.04.87 | 21 |
| 76-77 | എൽ.എഫ്.ടി.2(സി)1249/77 തി.05.08.79 | 38 |
| 77-78 | എൽ.എഫ്.ടി.4-417/88 തി.10.03.88 | 19 |
| 78-79 | എൽ.എഫ്.ടി.4-718/87 തി.25.04.87 | 77 |
| 79-80 | എൽ.എഫ്.ടി.4-719/87 തി.25.04.87 | 8 |
| 80-81 | എൽ.എഫ്.ടി.4-2548/88 തി.28.06.88 | 11 |
| 81-82 | എൽ.എഫ്.ടി.4-240/91 തി.03.04.91 | 56 |
| 82-83 | എൽ.എഫ്.ടി.4-1954/88 തി.12.05.89 | 60 |
| 83-84 | എൽ.എഫ്.ടി.4-683/90 തി.06.08.90 | 55 |
| 84-85 | എൽ.എഫ്.ടി.4-1236/93 തി.10.11.93 | 31 |
| 85-86 | എൽ.എഫ്.ടി.4-45/93 തി.12.11.93 | 59 |
| 86-87 | എൽ.എഫ്.ടി.4-627/94 തി.17.11.95 | |
| 87-88&88-89 | എൽ.എഫ്.ടി.4-1906/95 തി.25.05.96 | |
| 89-90,90-91&91-92 | എൽ.എഫ്.ടി.4-638/96 തി.30.11.96 | |
| 92-93 | എൽ.എഫ്.ടി.4-7/97 തി.15.12.97 | |
| 93-94 | എൽ.എഫ്.ടി.4-1304/05 തി.23.11.05 | |
| 1996-97 (ചെലവ്) | എൽ.എഫ്.ടി.4-461/98 തി.23.11.05 | |
| 97-98 | എൽ.എഫ്.ടി.4-1283/99 തി.15.05.2000 | |
| 98-99 | എൽ.എഫ്.ടി.4-1251/01 തി.01.01.05 | |

| | | |
|---|---|---|
| 99-00 | എൽ.എഫ്.ടി.4-245/04 തി.17.01.06 | |
| 2000-01 | എൽ.എഫ്.ടി.4-250/05 തി.16.06.2005 | |
| 94-95,95-96 (വരവ് ചെലവ്) | എൽ.എഫ്.ടി.4-1495/08 തി.21.12.09 | |
| 96-97 | എൽ.എഫ്.ടി.4-1496/08 തി.21.12.09 | |
| 97-98 | എൽ.എഫ്.ടി.4-1497/08 തി.21.12.09 | |
| 98-99 | എൽ.എഫ്.ടി.4-1498/08 തി.21.12.09 | |
| 99-00 | എൽ.എഫ്.ടി.4-1499/08 തി.21.12.09 | |
| 00-01(വരവ്) | എൽ.എഫ്.ടി.4-1500/08 തി.21.12.09/15.03.2010 | |
| 2001-02 (ചെലവ്) | എൽ.എഫ്.ടി.4-1331/05 തി.17.01.06/29.05.06 | |
| 2002-03 (വരവ് | എൽ.എഫ്.ടി.4-695/09 തി.28.08.10 | |
| 2003-04 (വരവ് ചെലവ്) | എൽ.എഫ്.ടി.4-696/09 തി.04.09.2010 | |
| 04-05 | എൽ.എഫ്.ടി.4-697/09 തി.06.04.10 | |
| 05-06 | എൽ.എഫ്.ടി.എം.-348/11 തി.02.11.11 | |
| 06-07 | എൽ.എഫ്.ടി.4-349/11 തി.02.11.11 | |
| 07-08 | എൽ.എഫ്.ടി.(എം)2599/11 തി.23.01.12 | |
| 08-09 | എൽ.എഫ്.ടി.(എം)2600/11 തി.23.01.12 | |
| 09-10 | എൽ.എഫ്.ടി.(എം) 110/12 തി.28.05.12/17.7.12 | |
| 10-11(ചെലവ്) | എൽ.എഫ്.ടി.(എം) 111/12 തി.28.05.12/07.07.12 | |
| 11-12 | എൽ.എഫ്.ടി.എം.-26/2013 തി.10.04.2013/16.08.2013 | |
| 12-13 | എൽ.എഫ്.ടി.(എം.)794/14 തീ. 01.10.2014/09.12.2014 | |

| | | |
|---|---|---|
| 13-14 | കെ.എസ്.എ.ടി.എസ്.ആർ.എം-1417/15/17.11.15/14.12.15 | |
| 14-15 | കെ.എസ്.എ.ടി.എസ്.ആർ(എം)1438/16, തി. 08.08.2016 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ടി.എസ്.ആർ (എം)118/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ- 680 020

Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in
തിയ്യതി : 31.01.2017

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 295(4)-ാം വകുപ്പ് ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും, നഗരപാലികാസ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ ചാവക്കാട് നഗരസഭയുടെ 31.03.2016ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റുമെന്റിന്റെ ഓഡിറ്റ് നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചാവക്കാട് നഗരസഭയുടെ 2015-16 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

No.KSA-TSR(M)118/2017

Office of the Joint Director of

Kerala State Audit Department,

District Audit Office,
Thrissur - 680 020

Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in

Dated:31.01.2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Chavakkad Muncipality in Thrissur District for the year ended on 31.03.2016 in accordance

with Section 4 of the Kerala Local Fund Audit Act 1994, Section 295(4) of Kerala Municipality Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Muncipalities.

In my opinion, the Financial Statements of Chavakkad Muncipality for the year 2015-16, except the observations in my Audit Report properly presents the picture of income and expenditure.

Joint Director

District Audit Office,

Thrissur.